# MTM COLLEGE OF ARTS, SCIENCE & COMMERCE

PAZHANJI, VELIYANKODE, MALAPPURAM, KERALA.

# വേനൽ ചൂടിൽ ഉടൽ കായുമ്പോൾ

COLLEGE MAGAZINE 2018



# DAYA GENERAL HOSPITAL LIMITED & SPECIALITY SURGICAL CENTRE

Shornur Road, Thrissur - 22., Kerala.Ph: +91 487 24 75 100 (30 Lines)
E-mail:daya.hospital@gmail.com; www.dayageneralhospital.com
For Booking : 9020602222, 0487 - 2325537
For booking online download BestDocApp from google play store



## Our Departments

- General Surgery
- Gastroenterology
- Nephrology
- Neurology
- Neuro Surgery
- Cardiology
- Dental Surgery
- Cardio Thorasic Surgery
- Dermatology
- ENT
- Microbiology
- General Medicine
- Internal Medicine & Critical Care
- Pathology
- Gynaecology
- General Medicine
- Neonatology
- Hematology
- Ophthalmology
- Orthopaedics & Joint Replacement
- Anaesthesiology
- Oncology
- Radiology
- Paediatrics
- Pathology
- Pulmonology
- Plastic Surgery
- Psychiatry
- Vascular Surgery
- Urology & Renal Transplantation
- Infertility
- Neuro Rehabilitation
- Physiotherapy
- Physical Medicine
- Audiology

# M.T.M. COLLEGE
## of Arts, Science & Commerce

Pazhanji, Veliyankode, Malappuram, E-mail : mtmcolleges@gmail.com
Ph.: 0494 2675400, 9495982267, 9020875400, 9447947684

RUN BY

M T MAMMED HAJI EDUCATIONAL AND CHARITABLE TRUST, THRISSUR



...തിരുമുറ്റത്തെത്തുവാൻ മോഹം!


Master Accountant
G.Ramakrishnan's
IPA®
An ISO 9001:2015 Certified Institute
Become a Professional Accountant in India or Abroad !
Accounting Training, Certification, Internship and Placement Services
GRAB YOUR DREAM JOB !!!
Tally.ERP 9.0 ❖ MS Excel ❖ Sage 50
QuickBooks ❖ SAP Business One
SAP FICO ❖ VAT FOR MIDDLE EAST
GST FOR INDIA ❖ IFRS
Courses Designed & Directed By:
RAMAKRISHNAN . G
➤ Gulf Experienced Professional
➤ Tax Consultant
➤ SAP Certified Consultant
➤ Oracle Financials Implementation Specialist
➤ Fellow : IAAP, UK
Helpline : 9526844624
Toll Free : 1800 833 1700
Professionals never Fail....
Join IPA !!
Ernakulam | Thrissur | Irinjalakuda | Edappal | Manjeri | Perintalmanna | Tirur
Kozhikode | Thamaraserry | Vadakara | Kalpetta | Koyilandy

തന്നിൽ നിറയുന്ന,
തന്നിൽ നിന്ന് പ്രസരിക്കുന്ന
സ്നേഹത്തിനേക്കാൾ
ഉൻമാദിയായ
മറ്റൊരു ലഹരിയും
ആരും ഇന്നുവരെ
ഒരു കുപ്പിയിലും
നിറച്ചിട്ടില്ല....



that positions...?

# Are you dreaming heights in Accounting Career...?

Countless opportunities are waiting for you. Are you fit for

## Join ATA and gain what you aim and much more...

- Manual and Computerized Accounting
- Taxation: GST & Gulf VAT
- Interview Training
- Software Expertise - Tally, SAP, QB, Peachtree
- Powerpoint Presentation Skills

ATA transform you as a professional and experienced accountant...

- CV Preparation
- Office Excel and Word
- Effective Communication
- Personality Development

"We make you a professional accountant"

ACCOUNTANT
TRAINING
ACADEMY

Perumpadappu, Puthanpally
Al Ittihad Tower, Secont Floor
Tel : 0494 - 2673637
Mob / : 8594047319

*Our Heartfelt Gratitude to the Supportive*

# MANAGEMENT



**Dr. V.K. ABDUL AZEEZ**
**Chairman**



**Prof. N Havahumma**
**Secretary & Manager**



**N. Soudabi** B.Tech, MBA
**Member**



**Dr. N. Saheer** MS, MCH
**Member**

# Message




P. SREERAMAKRISHNAN

SPEAKER

KERALA LEGISLATIVE ASSEMBLY

NEETHI,
LEGISLATURE COMPLEX,
VIKAS BHAVAN P. O.,
THIRUVANANTHAPURAM

PHONE :
RESI. : 0471-2302698
0471-2513014
OFFICE : 91-471-2513007
2513003
2308890
FAX : 91-471-2512131
E-mail: speak@niyamasabha.org


DATE 29.04.2018

സന്ദേശം

വെളിയങ്കോട് ദേശത്തെ ശ്രേഷ്ഠ വിദ്യാഭ്യാസ സ്ഥാപനമായ MTM Arts, Science & Commerce College ലെ വിദ്യാർത്ഥികളും അധ്യാപകരും ഒന്നൊരുമിച്ച് കോളേജ് യൂണിയൻ പ്രവർത്തന വർഷത്തിൽ "വേനൽചൂടിൽ ഉടൽ കാച്ചുമ്പോൾ" എന്ന പേരിൽ മാഗസിൻ പുറത്തിറക്കുന്ന എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

വിദ്യാർത്ഥികളുടെ രചനാപരമായ അഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും മാഗസിൻ സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം, ഇതിന്റെ സാക്ഷാത്കാരത്തിനായി പരിശ്രമിച്ച ഏവരെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

P. Sreeramakrishnan

# PRINCIPAL




**Prof. N. ABDUL HAMEED**

**M.Sc, M.Phil**

## ...സമർപ്പണം...

**അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ**
**പ്രിയ സഹപാഠി**
**ഷാഹിദിന്..**



# ആദരാഞ്ജലികൾ..





നരണിപ്പുഴ തോണി അപകടത്തിൽ
മരണമടഞ്ഞ കുരുന്നുകൾക്ക് .....

കുഞ്ഞുപെങ്ങൾ ആസിഫയ്ക്ക്.....

ഒരു നേരത്തെ അന്നത്തിനുവേണ്ടി ജീവൻ
ബലിയാടായ സഹോദരൻ മധുവിന്.....

സിറിയയിലെ പിഞ്ചോമനകൾക്ക്....

ഭീകരർ അറുംകൊല ചെയ്ത ഗൗരി ലങ്കേഷിന്.....

വിശ്വപ്രതിഭ സ്റ്റീഫൻ ഹോക്കിങ്ങിന്.....

കൂടാതെ നമ്മെവിട്ടുപിരിഞ്ഞ വെളിയങ്കോട്ടെ
സഹോദരൻമാരായ
റഹീസിന്, ഷുക്കൂറിന്.....







# M.T.M. COLLEGE
of Arts, Science & Commerce
Pazhanji, Veliyankode,
Malappuram, Kerala
Ph.:- 0494 - 2675 400,
9220 875 400, 9447 947 684
e-mail: mtmcolleges@gmail.com
Web: mtmcollege.net


# EDITORIAL BOARD


Place of Publication
**MTM College of Arts, Science & Commerce, Pazhanji, Veliyankode**

Periodicity of Publication
**Annual**

Printer's Name
**Prof. N. Abdul Hameed**

Nationality
**Indian**

Address
**Principal, MTM College of Arts, Science & Commerce**
**Pazhanji, Veliyankode, Pin : 679579**



Chief Editor
**Prof. N. Abdul Hameed**

Staff Editor
**Vineeth T.P.**

Student Editor
**Irshad K.**

Editorial Board
**Vishnu T.V.**
**Muhsina K.M.**
**Jithin K.S.**
**Umer Safwan**
**Mohammed Haneefa**
**Suhail Rasheed M.K.**
**Khaleel K.A.**
**Sudev A.P.**


## Owner ship

I, Prof. N. Abdul Hameed, here by declare that the particulars given above are true, to the best of my knowledge and belief.

Sd/
Prof. N. Abdul Hameed


Layout & Desiging
**Root Printers**

Printed At
**Root Printers**
**Thrissur-26**
**Ph: 2448874**

# എഡിറ്റോറിയൽ

**വേ**നലിൽ വേവുന്ന നേരുകൾ നഷ്ടമാകുന്ന കാലത്താണ് നമ്മളിപ്പോൾ ജീവിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള വൈവിധ്യമാർന്ന സാംസ്കാരിക പൈതൃതമാണ് നമ്മുടേത്. സ്നേഹം കൊണ്ടും, സഹവർത്തിത്വം കൊണ്ടും നാം അടയാള പ്പെടുത്തിയിരിക്കുന്ന നമ്മുടെ ഇടം ഇന്ന് ചുഴിയിൽപ്പെട്ടപോലെ ദിശയറിയാതെ ഉഴറുകയാണ്. ദുരൂഹമായ സമസ്യകൾ പോലെ നമ്മുടെ സംസ്കാരത്തെ സമീപിക്കുകയാണ് കെട്ടകാലത്തെ മനുഷ്യർ അധികവും. പാർശ്വവൽക്കരിക്കപ്പെട്ടവരായ ദരിദ്ര രുടേയും, ദളിതരുടേയും, സ്ത്രീകളുടേയും നേരെയുള്ള വർദ്ധിച്ചു വരുന്ന ആക്രമണങ്ങൾ അതുതന്നെയാണ് ചൂണ്ടികാണിക്കുന്നത്. മതേതര സമൂഹത്തെ വെല്ലുവിളിച്ച് ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമായി കലാപങ്ങളാൽ നമ്മുടെ ഭൂമിയെ നരകതുല്യമാക്കുന്നു. നീതിദേവത കണ്ണു കണ്ണുകെട്ടി തന്നെയാണ് നിൽക്കുന്നതെന്നും, അവർക്ക് കരുത്തില്ലയെന്നും ഓരോ നിമിഷവും നമ്മെ ഓർമ്മിപ്പിക്കുന്ന കാലം. കണ്ടിരിക്കാനാകാത്തത്ര കാഠിന്യം പേറുന്ന അസഹിഷ്ണുതയാണ് നമുക്ക് ചുറ്റും. അക്രമം, കലാപം, കൊലപാതകം സ്ത്രീവിരുദ്ധത... ഇങ്ങനെ വെറുപ്പിന്റെ വേനൽ പെരുകിപ്പെരുകി ഉടൽ ചുട്ടെടുക്കുകയാണ്. ജീവന്റെ ചൂട് മുഴുവനായും പൊട്ടിത്തെറിയ്ക്കാൻ പാകപ്പെട്ടിരിക്കുന്നു. എങ്കിലും പ്രതീക്ഷയുടെ പച്ചപ്പുകൾക്ക് ഇപ്പോഴും സാധ്യതയുണ്ട്. കൊടും വേനൽ കഴിഞ്ഞാൽ ഒരു മഴവരും എന്നതുപോലെ നാളെയുടെ പ്രതീക്ഷയായി മാറുന്നത് എന്നും യുവത തന്നെയാണ്. ഹിംസാത്മകത കുറയ്ക്കാൻ അവരേക്കാൾ ആരിലാണ് നാം പ്രതീക്ഷകൾ അർപ്പിക്കേണ്ടത്? അവരുടെ നിനവുകൾ കലാപത്തെ സംഗീതമാക്കിമാറ്റും, ആക്രമണങ്ങളെ കവിതയാക്കും കൊലപാതക ങ്ങൾക്ക് പകരം അവർ കലാരൂപങ്ങൾ കൊത്തിവെയ്ക്കും. അസഹിഷ്ണുതയ്ക്ക് പകരം പ്രണയം വിതയ്ക്കും. അവരുടെ ഉടൽ കായുന്നത് ഹിംസാത്മകതയുടെ നിരക്കുകൾ കുറച്ച് സ്നേഹം പരത്താനാകട്ടെ.

ആഴമുള്ള വായനയും ചിന്തകളും പോലെത്തന്നെ, അനീതിക്കെതിരെയുള്ള മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഓരോ ചെറുചലനവും സാമൂഹിക ഐക്യത്തിനും ദേശീയ ഉദ്ഗ്രഥന ത്തിനും ഇടയാക്കുമെന്നാണ് വിശ്വാസം. ഈ ചെറുസംരഭത്തിലും ഇത്തരം പ്രതീക്ഷകൾ തന്നെയാണുള്ളത്. സ്നേഹം പടർത്തുന്ന മഴകൊണ്ടുള്ള ഭാഷയിൽ നിങ്ങൾ എഴുതിയ അക്ഷരങ്ങൾ സമാധാനം നിറയ്ക്കട്ടെ. ഒരു നല്ല നാളേയിലേയ്ക്കുള്ള കിനാക്കൾ പടരട്ടെ. ഈ എഴുത്ത് നിങ്ങളെ നിങ്ങളുടെ ലോകത്തേയ്ക്ക് സ്നേഹപൂർവ്വം പറക്കാൻ ശക്തി പകരും എന്നുതന്നെ വിശ്വസിക്കുന്നു.

# Contents

മൂല്യവത്തായ വിദ്യാഭ്യാസത്തിനായി
Dr.V.K. Abdul Azeez
ഇത് ഞങ്ങളുടെ സ്വന്തം MTM
Nesrin Suhana
എൻ നിശ്വാസ ജീവിതം
Safa E.P
വിദ്യാഭ്യാസം ഒരു കച്ചവടമോ?
Muhsina T.
എന്നിലെ നിശബ്ദത
Neena V.A.
ഓർമ്മകൾ
Muhammed Riyas A.
ന്യായമില്ലാത്ത വേടൻമാർ
Muhsina K.M.
സംസാരിക്കല്ലേ എല്ലാം തുറന്നു പറയുന്നവരെ വെട്ടിക്കൊല്ലും
Ashida N.A
അതിജീവനത്തിന്റെ ദീപസ്തംഭം
Fasira M.
സമയം
Rahman K. Babu
കാണാമറയത്തെ നക്ഷത്രങ്ങൾ
Nesrin Suhana
ഇനിയും പൊഴിയാതെ നീ
Hasna P.H.
ഞാനൊരു വേശ്യ
Suhail V.A.
പതിയിരിക്കുന്ന ലഹരിക്കുഴികൾ
Shifana Thesnim
ഒളിഞ്ഞുനോട്ടം
Vishnu T.V.
നീർമാതളം വീണ്ടും പൂക്കുമ്പോൾ
Harismitha P L
Time
Muhammed Riyas
പുഞ്ചിരിക്കാൻ മറന്ന നിമിഷങ്ങൾ
Khashiya C.V.
കുത്തിവരകൾ
Nesrin Suhana
ജിബ്രാൻ: അറബി സാഹിത്യത്തിന്റെ ഇതിഹാസം, ലോക സാഹിത്യത്തിന്റേയും.
Shameera O.M.
അഭിമുഖം (ഷാനവാസ് കെ. ബാവക്കുട്ടി)
മുഹമ്മദ് ഫിർദൗസ്, വിഷ്ണു ടി.വി, ഇർഷാദ് കെ.
ചിതലരിച്ച കണ്ണുനീർതുള്ളി
Nesli Jasmin
Life As a Journey
Rahman K. Babu
ആരാണ് മുഹമ്മദ് നബി (സ്വ)
Suhail Rasheed
ഒരു വൃക്ഷത്തിൻ രോദനം
Suresh B.
വൃദ്ധസദനത്തിലെ അമ്മ
Muhammed Musthafa K.H.
ഓർമ്മകളെ തനിച്ചാക്കി ഞാനും
shahla M.H.
സിറിയ: ഈ കുരുന്നുകൾ എന്തുപിഴച്ചു?
Muhammed Firdous
എഴുതാൻ കൊതിക്കുന്ന ഹൃദയം
Nesrin Suhana
തൂവെള്ളത്താളുകൾ
Muhsina K.M.
ജീവിതം
Athira M.A.
അമ്മതൻ ദൈന്യം
Safvanath P.K.

# മൂല്യവത്തായ വിദ്യാഭ്യാസത്തിനായി



Dr. V K Abdul Azeez
Chairman, MTM College

സ്വാതന്ത്ര്യാനന്തര മലബാറിൽ, വിശേഷിച്ചും പൊന്നാനി താലൂക്കിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ സാധ്യതകളും മഹത്വവും തിരിച്ചറിഞ്ഞ ചുരുക്കം ചില വ്യക്തികളിലൊരാളായിരുന്നു വെളിയങ്കോട്ടെ പൗരപ്രമുഖനായ എം.ടി. മമ്മദ് ഹാജി. മതപരവും സാമൂഹികപരവുമായ കാരണങ്ങളാൽ ആധുനിക വിദ്യാഭ്യാസത്തെ എതിർത്തിരുന്ന ആ കാലത്ത്, അദ്ദേഹത്തിന്റെ ഈ വീക്ഷണമാണ് ഞാനടക്കമുള്ള കുടുംബത്തിന്റെയും ചുറ്റുപാടുള്ളവരുടെയും വിദ്യാഭ്യാസ പുരോഗതിക്ക് കാരണമായത്. അദ്ദേഹത്തിന്റെ പേരിൽ മമ്മദ് ഹാജി എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന ട്രസ്റ്റും MTM കോളേജും തുടങ്ങാൻ ഞങ്ങളെ പ്രേരിപ്പിച്ചത് അദ്ദേഹത്തിന്റെ വീക്ഷണങ്ങളെയും അഭിലാഷങ്ങളെയും സാധൂകരിക്കുന്ന രീതിയിൽ സയൻസ്, ആർട്സ്, കോമേഴ്സ് രംഗങ്ങളിൽ വിദ്യാർത്ഥികളെ വിദഗ്ദരാക്കുക എന്നതാണ്.

ഒറ്റ വാചകത്തിൽ പറഞ്ഞാൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസമാണ് ഈ കോളേജിന്റെ ഉന്നം. അക്കാദമിക് തലത്തിൽ മേന്മ ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ ചുറ്റുമുള്ള സാമൂഹിക പ്രശ്നങ്ങളിലും അനുഭാവപൂർവ്വം പ്രതികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വിധത്തിലുള്ള ഒരു വിദ്യാഭ്യാസരീതിയാണ് ഇവിടെയുള്ളത്. ഒരു വിദ്യാർത്ഥിയുടെ പൗരബോധവും പൗരധർമ്മവും അരക്കിട്ടുറപ്പിക്കുവാൻ നല്ല വിദ്യാഭ്യാസത്തിനു കഴിയും. വിദ്യാഭ്യാസരംഗത്തെ മൂല്യങ്ങളും നൈതികതയും ഉയർത്തിപ്പിടിച്ച് ഈ നാട്ടിലെ വിദ്യാഭ്യാസപുരോഗതിയിൽ എളിയരീതിയിലാണെങ്കിലും ചില ചലനങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. ഈ ട്രസ്റ്റിന്റെയും കോളേജിന്റെയും പേരിനോട് നീതി പുലർത്താൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്.

പഠനത്തോടൊപ്പം തന്നെ കലാകായികരംഗത്തെ സാന്നിദ്ധ്യവും ആരോഗ്യകരമായ ഒരു സമൂഹത്തിന്റെ സൃഷ്ടിയിൽ നിർണായകമാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കലാസംസ്കാരിക പ്രവർത്തനങ്ങൾ ഈ കോളേജിന്റെ അക്കാദമിക് പ്രവർത്തനങ്ങളുടെ ഭാഗം തന്നെയാണ്. സാഹിത്യ കലാസിനിമാമേഖലകളിലെ വിശിഷ്ട വ്യക്തികളുമായി സംവദിക്കാനും ഈ രംഗത്ത് വിവിധ പ്രവർത്തനങ്ങളിലേർപ്പെടാനും ഇവിടുത്തെ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു.

ഇന്നത്തെ മത്സരാധിഷ്ഠിതമായ ലോകക്രമത്തിൽ വിദ്യാഭ്യാസ ചിലവുകൾ ദിനംപ്രതി കൂടിവരികയാണ്. സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് താങ്ങാവുന്നതിനും അപ്പുറമാണത്. ഈ വസ്തുത മനസ്സിലാക്കി സാധാരണക്കാർക്ക് താങ്ങാവുന്ന ഫീസിൽ എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു സംരംഭമാണ് ഞങ്ങൾ ലക്ഷ്യമിട്ടത്. സങ്കീർണ്ണതകൾ ഒരുപാടുള്ള ഈ ലോകത്ത് ഒരുത്തമ പൗരനായി ജീവിക്കാനും സമൂഹത്തിനെ നല്ല രീതിയിൽ സ്വാധീനിക്കാനും കുട്ടികളെ പ്രാപ്തരാക്കാനുള്ള പഠനോപകരണങ്ങൾ ഈ കോളേജിനു സ്വന്തമാണ്.


ഉന്നത അക്കാദമിക് നിലവാരവും സർഗാത്മകതയും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യവുമായാണ് ഞങ്ങൾ മുന്നോട്ടു പോകുന്നത്.




## വേണ്ട നമുക്ക്

തെറ്റുത്തരങ്ങൾ.....
കത്തികയറ്റൽ.......
നീറ്റിൽ വീഴ്ത്തൽ.....
അക്രമങ്ങൾ......

# #SayNo2Ragging#



ഭൂമിയിലെ മുഴുവൻ മരങ്ങളും
മഴ നനഞ്ഞ് വെയിൽകൊണ്ട് കാറ്റിലാടി
പതുക്കെപ്പതുക്കെ മനുഷ്യർക്കായി
വളരുമ്പോൾ അത് കാണാതെ
വേഗതയിൽ കുളിച്ച്,
വിളറി മനുഷ്യരെല്ലാം
എങ്ങോട്ടാണ് പായുന്നത്?

*- അർഷാദ് ബത്തേരി*




# Nilav Industries

**AYOTTICHIRA, VELIANCODE**

**MOB : 9946839393, 9447003189**

# ഇത് ഞങ്ങളുടെ സ്വന്തം MTM

കോളേജ് ക്യാമ്പസിലെ ഓരോ ക്ലാസ്സ്മുറികളിലും നീണ്ടു നിവർന്നു നിൽക്കുന്ന ചുവരുകളിലും ഡസ്ക്കുകളിലും കൊത്തി വെച്ചിട്ടുണ്ട് ഞങ്ങളുടെ ആഴത്തിലുള്ള സൗഹൃദങ്ങളെക്കുറിച്ച്.

ക്ലാസ്സ്മുറികളിൽ നിന്നും ഉയർന്നു വരുന്ന പൊട്ടിച്ചിരികളും കളിതമാശകളും ഇന്നും എന്റെ കാതുകളിൽ കേൾക്കുന്നു. അദ്ധ്യാപകൻ വന്നു ക്ലാസ്സെടുക്കുന്നതിനിടയിൽ ഇടക്കിടെ സംസാരിച്ച് ശല്യം ചെയ്യുമ്പോൾ അദ്ധ്യാപക മനസ്സുകളിൽ നിന്നും വരുന്ന സ്നേഹ ശകാരങ്ങൾ എന്നും മനസ്സിൽ നിറഞ്ഞു നിൽക്കും.

എല്ലാം രസകരമായൊരു അനുഭൂതിയായിരുന്നു ഇടക്കിടെയുള്ള ക്ലാസ്സ് കട്ട് ചെയ്യലും, പുറത്ത് പോക്കും ഞങ്ങളുടെ സ്ഥിരം വിനോദങ്ങളായിരുന്നു.

പരീക്ഷാ ഹാളുകളിൽ കനമില്ലാത്ത ചോദ്യപേപ്പറും പിടിച്ചിരിക്കുമ്പോൾ ഉത്തരം കിട്ടാതെ വരുന്ന നിസ്സഹായ നിമിഷങ്ങളിൽ അദ്ധ്യാപക മുഖങ്ങളിലേക്കു ദയനീയമായൊന്ന് കണ്ണോടിക്കുമായിരുന്നു.

അലിവു തോന്നിയൊന്നു സഹായിക്കുമെങ്കിലോ എന്നു കരുതി. പിന്നീടുള്ള പരീക്ഷാ റിസൾട്ട് വരുന്ന ദിനങ്ങളെല്ലാം ഞങ്ങളെ നിശ്ശബ്ദമായ് ഭയപ്പെടുത്തിയിരുന്നു.

നിറവാർന്ന അറിവുകൾ പകർന്നു തരുന്നതോടൊപ്പം തന്നെ ഞങ്ങളുടെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്ത കുറേ നല്ല അദ്ധ്യാപകരും ഉണ്ട്.

ഞങ്ങളുടെ ചെറിയ ചെറിയ കുസൃതികളെയെല്ലാം പ്രായത്തിന്റെ കളിതമാശയായ് കരുതി എല്ലാം ക്ഷമിച്ചു ഞങ്ങൾക്കൊപ്പം നിന്ന കുറേ നല്ല മനസ്സുകൾ.

ഞങ്ങൾക്കെല്ലാം M.T.M. കോളേജ് ഒരു വലിയ ലോകം തന്നെയായിരുന്നു - ഞങ്ങളുടെ ചെറിയ വലിയ കുടുംബം.

ആ കുടുംബത്തിലേക്കു ഒരിക്കൽ കൂടി തിരിച്ചുപോകാൻ മനസ്സ് അറിയാതെ കൊതിച്ചു പോകുന്നു.



**Nesrin Suhana**
B.Com. with C.A.
Final Year



# എൻ നിശ്വാസ ജീവിതം



**Safa E.P.**
II Year B.Com - B

അറിയാതെ പോയ് ഞാൻ
ഇന്നുമീ ഭൂമിയിൽ
അകലുകയായിരുന്നോ...
തൻ പ്രിയരെല്ലാം.
പച്ചയാം പൂന്തോപ്പിൽ
ഏകയായ് ഞാനെന്നും
ഒച്ചയില്ലാത്തൊരാ കാറ്റി-
നെപ്പോൽ അലഞ്ഞീടുന്നു.
പകലെന്നോ രാത്രിയെന്നോ
ഇല്ലാതെ, ഞാൻ കൊതിച്ചിരുന്നു
നിൻ സ്നേഹ വാക്കുകൾ
കേൾക്കുവാൻ, പക്ഷേ....
നീ എനിക്കായ് ബാക്കി നിർത്തിയതോ
ശാപവാക്കുകൾ മാത്രം.
എനിക്ക് മുമ്പിലതാ വെളുത്ത
വാതിലുകൾ കൊട്ടിയടയുന്നു.
മടുത്തുപോയ് ഞാൻ

ഇരുളടഞ്ഞൊരീ ജീവിതം
മറ്റാർക്കോ വേണ്ടിയാണെന്നോർത്ത്
ഇന്നുമിതാ വിതുമ്പുന്നു ഞാൻ.
ചേതനയറ്റ് കിടക്കുമെൻ
ശരീരത്തിൽ,
വേദന മാത്രം നീ തന്നീടുന്നു.
എൻ ചിന്തകൾ അഗ്നിവിഴുങ്ങു
മ്പോൾ, ഞാനിവിടെ ഭ്രാന്തമാം,
ലോകത്ത് ചിറകറ്റ പക്ഷിയേപ്പോൽ
അലയുന്നു......
ഇന്നു ഞാൻ നിനക്ക് വെറുമൊരു
ശാപമായ് തോന്നുകിൽ
ഓർക്കൂ..... ഈ ഭൂമിതൻ
അവകാശി നിങ്ങളല്ല.






**Muhsina T.**
II Year B.Com - B

# വിദ്യാഭ്യാസം ഒരു കച്ചവടമോ?

ഇന്നീ കേരളത്തിൽ വിദ്യാഭ്യാസം
കച്ചവടമാക്കി തീർത്ത മലയാളികളേ...
ഇതാണോ നിൻ സംസ്കാരം?
വിദ്യയാം മഹത്വത്തിനു
നീ വില കൊടുത്തീലയോ....
ഉപഭോഗ സംസ്ക്കാരത്തിനടിമപ്പെട്ട നാം
പാശ്ചാത്യ സംസ്ക്കാരവും
വിലകൊടുത്തുവോ?
ഈ കച്ചവടത്തിൽ നിൻ സ്വാർത്ഥത
മനുഷ്യ ജന്മത്തെ വില കൊടുത്തുവോ...
ആ കച്ചവടത്തിൽ പര്യായമാണോ
"ജിഷ്ണു പ്രണോയ്"
നന്മയാം മനസ്സുകൾ വിരിയട്ടെ
ഇനിയും പ്രണോയ്മാർ
പുനർജനിക്കാതിരിക്കാൻ.



# എന്നിലെ നിശബ്ദത



**Neena V.A.**
Ist Year B.Com - A

ഞാൻ അറിയുന്നു എന്നിലെ നിശബ്ദതയെ
അതിലുപരി എന്നിലെ പ്രണയത്തെ
എന്നിലെ പ്രണയം എന്നോട് ചോദിച്ചു;
നമ്മൾ തമ്മിൽ ഇത്രയും അടുത്തത് എപ്പോഴാണ്?
എന്നിലെ പ്രണയത്തോട് ഞാൻ പറഞ്ഞു:
ഞാൻ നിന്നോട് അടുക്കുകയായിരുന്നില്ല,
മറിച്ച് ഞാൻ നിന്നിൽ അലിയുകയായിരുന്നു.
കാരണം ആ നിശബ്ദതയാണ് എന്നിലെ പ്രണയം
അതിൽ നിശബ്ദമായി അലിയുകയാണ് ഞാൻ



# ഓർമ്മകൾ

ഓർമ്മകൾ ഇലയിൽ വീഴുന്ന മഴത്തുള്ളികളെപ്പോലെയാണ്. ഇലയുടെ അനുവാദമില്ലാതെയാണ് മഴത്തുള്ളികൾ ഇലയിൽ വീഴുന്നത്. ഒരുപക്ഷേ, പുറത്ത് നിന്ന് നോക്കിയാൽ ഇലയിൽ നിന്നും കണ്ണുനീർ ഒഴുകുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. തീർച്ചയായും ഇലകൾ കണ്ണുനീർ ഒഴുക്കുകയാണ്.

'ഇലകൾ കരഞ്ഞുകൊണ്ടിരിക്കുകയാണ്'

ഇതുപോലെതന്നെയാണ് സൗഹൃദവും. അനുവാദമില്ലാതെ എന്റെ അരികിലേക്ക് ഒഴുകിവന്ന സുഹൃത്തുക്കൾ, എന്റെ ആത്മമിത്രങ്ങൾ, എന്റെ ഈ കലാലയം. മഴത്തുള്ളികൾ ഇലകളിൽ നിന്ന് ഒഴുകുന്നതുപോലെ എന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകുകയാണ്. എന്റെ ഓർമ്മകൾ ഇനിയും വിതുമ്പിനിൽക്കുന്നു നിറകണ്ണുകളോടെ......





**Muhammed Riyas A.**
Ist Year B.Com - A

# ന്യായമില്ലാത്ത വേടന്മാർ



**Muhsina K.M.**
IInd Year B.Com - B

മനഃസാക്ഷിയെ അമ്പരപ്പിച്ച സംഭവങ്ങൾ വളരെ മനോഹരമായി തന്നെ കേരളനാട്ടിൽ ദിനംപ്രതി അരങ്ങേറിക്കൊണ്ടിരിക്കുന്നു. ഒന്നിനുപിറകെ ഒന്നായി വളരെ ക്രിയാത്മക പ്രവണതയോടെതന്നെ കണ്ട് ആസ്വദിക്കുന്നവർക്ക് കണ്ടും, കേട്ട് ആസ്വദിക്കുന്നവർക്ക് കേട്ടും ആസ്വദിക്കാൻ അനേകായിരങ്ങളുടെ നിലക്കാത്ത ശാപം ഏറ്റുവാങ്ങി കേരളത്തെ സാക്ഷരതയുടെ മികവിൽ എന്നുംപറഞ്ഞ് വളർത്തികൊണ്ടിരിക്കുകയാണ്. പക്ഷേ, വളരുന്നത് രാക്ഷസമനോഭാവമാണെന്നതാണ് വാസ്തവം.

അങ്ങനെ അരങ്ങേറിയ ഒരു അറുംകൊലയാണ് മധു എന്ന ആദിവാസി യുവാവിന്റേത്. എന്തിന്? ഏതിന്? എന്നങ്ങനെ ചിന്തിക്കുമ്പോൾ ഹൃദയം നുറുങ്ങുന്ന, അപൂർണ്ണമായി മാത്രം ഉത്തരങ്ങൾ നൽകുന്ന ചോദ്യങ്ങളുമായി അതും നിലകൊള്ളാൻ പോകുന്നു. അയാൾ ചെയ്ത തെറ്റ് എന്തായിരുന്നു? വിശക്കുന്ന വയറിനെ സമാധാനിപ്പിക്കണം എന്ന് ചിന്തിച്ചതോ? അതിനുവേണ്ടി മോഷ്ടിച്ചതോ? മോഷണം തെറ്റ് തന്നെയാണ്. അല്ല എന്ന് ആരും പറയില്ല. പക്ഷെ തെറ്റിനെ ശരിയാക്കാൻ പിച്ചച്ചട്ടിയിൽ തന്നെ കൈയിട്ട് വാരണമായിരുന്നോ?



അയ്യപ്പപ്പണിക്കരുടെ 'മോഷണം' എന്ന കവിത നമുക്കെല്ലാവർക്കും സുപരിചിതമാണ്. ഒരുപക്ഷേ മധുവിനെ ആ കവിതയിലെ നായകനായി നിലകൊള്ളിക്കാമായിരുന്നു. എന്നാൽ ന്യായത്തിനും ന്യായീകരണങ്ങൾക്കും കാത്തുനിർത്താതെ അവനെ തല്ലിക്കൊന്നു. ന്യായമില്ലാത്ത കുറച്ച് വേടന്മാർ. കോടികളുടെ അഴിമതികൾ അരങ്ങേറുന്ന കേരളം അവിടെ ഒരു നേരത്തെ ഭക്ഷണം മോഷ്ടിച്ചവൻ കള്ളൻ. കോടികൾ മോഷ്ടിച്ചവൻ മാന്യൻ. ഇത് എവിടുത്തെ ന്യായം? നമ്മളോരോരുത്തരും ബാധ്യസ്ഥരാണ് അനീതിക്കെതിരെ ശബ്ദമുയർത്താൻ. പക്ഷെ, ആരുയർത്തുന്നു?

വിശപ്പിന്റെ വിലയറിയാൻ വിശപ്പ് എന്തെന്നറിയുക തന്നെ വേണം. ആ മനുഷ്യനെ തല്ലിക്കൊല്ലുന്ന നേരത്ത് അയാൾ ഉരുവിട്ടുകൊണ്ടിരുന്നത് 'വിശക്കുന്നു' എന്നായിരുന്നു. വിശപ്പിന്റെ വിലയറിഞ്ഞ ആരും അയാൾക്കു നേരെ ഒരുചെറുവിരൽ പോലും അനക്കില്ലായിരുന്നു. പച്ചയായ ഒരു മനുഷ്യനെ തല്ലിക്കൊല്ലാനും അത് വാട്സാപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ ആഘോഷിക്കാനും എത്രപേരായിരുന്നു? ലജ്ജയില്ലാത്തവർഗ്ഗം! ഇത്രമാത്രം നീചരായി കേരളജനത മാറിയോ?

കോടികളുടെ അഴിമതി നടത്തുന്നവരും സ്വന്തം അമ്മയേയും മക്കളേയും സഹോദരങ്ങളേയും മനസ്സിലാക്കാത്തവരുമായ വൃത്തികെട്ട ഒരു കൂട്ടം ചെന്നായ്ക്കൾ ദിനംപ്രതി കേരളത്തിൽ ഉടലെടുക്കുന്നു. അവർക്കെതിരെ ഒരക്ഷരം പോലും ഉരിയാടാതെ 'ചത്ത ശവം പോലെ' (അങ്ങനെ തന്നെ പറയട്ടെ) പ്രതികരിക്കാതെ ഇരിക്കുന്ന കേരളജനത, ഒരു നേരത്തെ വിശപ്പ് മാറ്റാൻ അരിയും സാധനങ്ങളും മോഷ്ടിച്ചവനെ തല്ലിക്കൊന്നു. പറയാൻപോലും ലജ്ജയാകുന്നു. കേരളത്തിന്റെ ചിന്താശേഷി ഇത്രമാത്രം തരം താഴ്ന്നു പോയോ?



# സംസാരിക്കല്ലേ.. എല്ലാം തുറന്നു പറയുന്നവരെ വെട്ടിക്കൊല്ലും!

നീചമായ് നേരിൽ കാണും നീതികൾ
നേരോടെ പറയുവാൻ വയ്യാതെ പോയ്
അരുതായ് - മക്കിരകളിന്നിതാ
അലിഞ്ഞില്ലാതെയായി കാറ്റിൽ
ഭയമെന്ന രണ്ടക്ഷരത്തിനുള്ളിലായ്
പീഡനത്തിനിരകൾ ഏകാന്ത മൗനമായ്
പ്രാണനു വേണ്ടി കൈകൂപ്പി
തൻ പിടിതന്നെന്നുരിയാടാതിരിക്കുന്നു
വിരൽ നീട്ടിയിവരാണ് തെറ്റുകാർ
പറയാൻ ഭയമില്ലൊരിക്കലും
പറയുന്ന നേരത്തിതിന്നിഹോ
കത്തിക്കിരകളായ് മാറുന്നു ജീവിതം.

**Ashida N.A**
IInd Year B.Com- A





# അതിജീവനത്തിന്റെ ദീപസ്തംഭം

തളരാത്ത മനോവീര്യത്തിന്റെയും അതിജീവനത്തിന്റേയും പ്രതീകമായിരുന്നു സ്റ്റീഫൻ ഹോക്കിങ്ങ്. ചലനമറ്റ ശരീരവുമായി പ്രപഞ്ചരഹസ്യം അനാവരണം ചെയ്ത ഈ പ്രതിഭ ലോകത്തിന് വിസ്മയമായിരുന്നു. ഓർമ്മയുടെ തമോഗർത്തത്തിലേക്ക് മറഞ്ഞ സ്റ്റീഫൻ പ്രപഞ്ച ശാസ്ത്രത്തിലെ തന്നെ ദീപസ്തംഭമായിരുന്നു. രണ്ട് വർഷകാലത്തെ ആയുസ്സ് മാത്രമാണ് മോട്ടോർ ന്യൂറോൺ ഡിസീസസ് എന്ന രോഗം മൂർച്ഛിച്ചപ്പോൾ ഡോക്ടർമാർ വിധിയെഴുതിയത്. എന്നാൽ ശാസ്ത്ര ലോകത്തെ പോലും അമ്പരപ്പിച്ച് അഞ്ച് പതിറ്റാണ്ട് സ്റ്റീഫൻ ജീവിച്ചു.

അസാധാരണ രോഗത്തിന് അടിമപ്പെട്ടെങ്കിലും അത് വകവെക്കാതെ മരണം വരെ ശാസ്ത്രവും സമൂഹവുമായുള്ള പാരസ്പര്യങ്ങളേയും മനുഷ്യരാശിയുടെ ഭാവിയെ കുറിച്ചുമുള്ള ആലോചനയിൽ വ്യാപൃതനായിരുന്നു അദ്ദേഹം. കമ്പ്യൂട്ടറുമായി ഘടിപ്പിച്ച സ്പീച്ച് സിന്തസൈസർ വഴിയാണ് അദ്ദേഹം ലോകത്തോട് സംസാരിച്ചിരുന്നത്.

ഫ്രാങ്ക് – ഇസബെൽ ദമ്പതികളുടെ മകനായി ഇംഗ്ലണ്ടിലെ ഓക്സ്ഫഡിൽ 1942 ജനുവരി 8 നാണ് ഹോക്കിങ്ങിന്റെ ജനനം. ഓക്സ്ഫഡ് സർവ്വകലാശാലയിൽ നിന്ന് ഫിസിക്സിലും സയൻസിലും ബിരുദം പിന്നീട് കേംബ്രിഡ്ജ് സർവ്വകലാശാലയിൽ പ്രപഞ്ചഘടനാ ശാസ്ത്രത്തിന്റെ ഗവേഷണം ആരംഭിച്ചു. ഗവേഷണകാലത്ത് പരിചയപ്പെട്ട ജെയിൻ വെൽഡിനെ വിവാഹം കഴിച്ചു. ഇവർക്ക് ലൂസി, തിമോത്തി, റോബർട്ട് എന്നീ മക്കൾ പിറന്നു. വീൽചെയറിൽ സഞ്ചരിച്ച് സ്പീച്ച് സിന്തസൈസർ വഴി സംസാരിച്ച് തന്റെ ഗവേഷണം തുടർന്നു. ലോകത്തെ സസൂക്ഷ്മം നിരീക്ഷിച്ച ഹോക്കിങ്ങ് എന്നും അടിച്ചമർത്തപ്പെട്ടവരുടെ പക്ഷത്തായിരുന്നു. തമോഗർത്തങ്ങളെക്കുറിച്ച് അവതരിപ്പിച്ച സിദ്ധാന്തങ്ങളിൽ പ്രചോദനം ഉൾക്കൊണ്ടായിരുന്നു ഗവേഷണം. 1966 ൽ മാതാപിതാക്കളുടെ സ്വപ്നം സഫലീകരിച്ച് ഡോക്ടറേറ്റ് നേടി. ആ വർഷം തന്നെ റോജർ പന്റേസറുമായി ചേർന്ന് 'സിംഗുലാരിറ്റീസ് ആന്റ് ദ ജ്യോമട്രി ഓഫ് സ്പേസ് ടൈം' എന്ന പേരിൽ എഴുതിയ പ്രബന്ധത്തിനു വിഖ്യാതമായ ആദംസ് പ്രൈസ് ലഭിച്ചു. അതുപോലെ കാലത്തിന്റെ ചെറുചരിത്രം (എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം) എന്ന കൃതി ഹോക്കിങ്ങിനെ സമശീർഷരില്ലാത്ത ശാസ്ത്ര സാഹിത്യകാരനാക്കി. പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച മഹാവിസ്ഫോടന സിദ്ധാന്തത്തെ സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കുകയാണ് ആ ഗ്രന്ഥത്തിൽ. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട ശാസ്ത്രപുസ്തകത്തിനുള്ള ഗിന്നസ് റെക്കോഡും ഈ കൃതി സ്വന്തമാക്കിയിട്ടുണ്ട്. 2004 ജൂലൈയിൽ ഡബ്ലിനിൽ ചേർന്ന രാജ്യാന്തര ഗുരുത്വാകർഷണ പ്രപഞ്ച ശാസ്ത്ര സമ്മേളനത്തിൽ തമോഗർത്തങ്ങളെ കുറിച്ച് അന്നുവരെ താൻ ഉൾപ്പെടെയുള്ളവർ

വിശ്വസിച്ചിരുന്ന പല ധാരണകളെയും തിരുത്തുന്ന പുതിയ സിദ്ധാന്തമായിരുന്നു അദ്ദേഹത്തിന്റെ മഹത്തായ കണ്ടുപിടിത്തം. തുടർന്ന് 2007-ൽ ഗുരുത്വാഗർഷണമില്ലായ്മ നേരിട്ടറിയാൻ ആകാശയാത്ര നടത്തി. അന്ന് അദ്ദഹം പറഞ്ഞതിങ്ങനെയായിരുന്നു. "ഞാൻ എപ്പോഴും എന്റെ പരിമിതികളെ അതിജീവിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അതിലൂടെ ഒരു പൂർണ്ണ ജീവിതം നയിക്കാനും. ലോകം മുഴുവൻ ഞാൻ സഞ്ചരിച്ചു. അന്റാർട്ടിക് മുതൽ ഭാരരഹിതമായ സീറോ ഗ്രാവിറ്റി വരെ. ഒരിക്കൽ ഞാൻ ശൂന്യാകാശത്തിലേക്കും പോകുമായിരിക്കും"

ഒരു അച്ഛൻ എന്ന നിലയിൽ മക്കൾക്ക് എന്ത് ഉപദേശമാണ് നൽകുക എന്നൊരാൾ ചോദിച്ചപ്പോൾ അദ്ദേഹം മൂന്ന് കാര്യങ്ങളാണ് പറഞ്ഞത്. " ഒന്നാമതായി മുകളിൽ നക്ഷത്രങ്ങളെ നോക്കണമെന്ന് എപ്പോഴും ഓർക്കുക. ഒരിക്കലും താഴെ പാദങ്ങളിലേക്ക് നോക്കരുത്.

രണ്ട്- ഒരിക്കലും പ്രവൃത്തി ഉപേക്ഷിക്കരുത്. തൊഴിൽ നിങ്ങൾക്ക് അർത്ഥം നൽകുന്നു. ലക്ഷ്യവും അതില്ലാത്ത ജീവിതം ശൂന്യവുമാണ്. മൂന്നാമതായി നിങ്ങൾക്ക് പ്രേമം കണ്ടെത്താനുള്ള ഭാഗ്യമുണ്ടായാൽ ഓർക്കുക അത് അപൂർവ്വമാണ് ഉപേക്ഷിച്ച് കളയരുത്. ആ ഉപദേശം ഏറെ അർത്ഥവത്തായ ഒന്നായിരുന്നു. പ്രപഞ്ച ബോധത്തിന്റേയും ആത്മാഭിമാനത്തിന്റെയും പ്രാധാന്യമാണ് ആദ്യത്തേത്. അധ്വാനത്തിന്റെ മൂല്യവും അർത്ഥവുമാണ് രണ്ടാമത്. സ്നേഹമാണഖില സാരമൂഴിയിൽ എന്ന പ്രകൃതി സത്യം അവസാനവും.

12 ഓണററി അവാർഡുകൾ, ബ്രിട്ടീഷ് സർക്കാറിന്റെ പരമോന്നത ബഹുമതിയായ സി.ബി.ഇ (1981) അടക്കം നിരവധി ബഹുമതികളും സ്റ്റീഫനെ തേടിയെത്തി. ലോകം കണ്ട പ്രതിഭാധനനായ ശാസ്ത്രജ്ഞൻ ഐൻസ്റ്റൈൻ ജനിച്ചതും പ്രപഞ്ച ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങ് മരണമടഞ്ഞതും മാർച്ച് 14 നാണെന്ന യാദൃശ്ചികതകൂടി ഇനി ലോകത്തിന് വിസ്മയമാകും.

**Fasira M.**
II Year B. Com -A





# സമയം



**Rahman K. Babu**
Ist Year B.Com - B

കഴിഞ്ഞുപോയ ഓരോ മണിക്കൂറുകളും നിമിഷങ്ങളും നമുക്ക് വളരെ വിലപ്പെട്ടതാണ്. അവ നമുക്കൊരിക്കലും തിരിച്ചുകിട്ടില്ല. പ്രത്യേകിച്ച് ഇന്നലെകളിൽ കഴിഞ്ഞുപോയ ഓരോന്നും. അത് കയ്പേറിയതാകാം മാധുര്യമുള്ളതാകാം. ഇന്നുണ്ടാകുന്നതാണ് കാലങ്ങൾക്ക് ശേഷം നമ്മുടെ ഓർമ്മകളായി പിറക്കുന്നത്. അതായത് വർഷങ്ങൾക്കുമുൻപ് കഴിഞ്ഞുപോയ ഓരോന്നും ഇന്നും നാം സ്മരിക്കുന്നു. ഉദാഹരണമായി നമ്മുടെ അഭിമാനമായിരുന്ന വരും തലമുറയ്ക്ക് ഇപ്പോഴും പ്രചോദനവും, നവോന്മേഷവും പകർന്നു കൊണ്ടിരിക്കുന്ന ഡോ. എ. പി.ജെ. അബ്ദുൾ കലാമിനെ ഇന്നും നമ്മൾ സ്മരിക്കുന്നു. കാലങ്ങൾക്ക് ശേഷം ഇതുപോലെ ഓരോരുത്തരേയും നമ്മൾ സ്മരിക്കും എന്നതുപോലെ ഈ സ്മരണകൾ എന്നെന്നേയ്ക്കുമായി നീണ്ടു നിൽക്കും. തണുത്ത കാറ്റിൽ നനവേകുന്ന സ്മരണകൾ.. അപ്പോഴും സമയം സമയമെന്ന പോലെ കാലത്തെ അതിന്റേതായ ലോകത്തേക്ക് കൂട്ടികൊണ്ട് പോകുന്നു. സമയത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ ബാല്യകാലം. എത്ര സുന്ദരമായിരുന്നു നമ്മുടെ ബാല്യകാലം. ചിലരെല്ലാം അത് കാലയവനികയ്ക്കപ്പുറം കുഴിവെട്ടി മൂടും. പക്ഷേ ഇപ്പോഴും അതെല്ലാം, മനസ്സിൽ മായാതെ ഒരനുഭൂതിയായി നിർത്തുന്ന ചിലരുണ്ട്. സമയം വിലപ്പെട്ടതാണ്.

നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഒരു നിമിഷം പോലും വെറുതെ കളയരുത്. നിമിഷങ്ങൾ ചേർത്ത് വെച്ചതാണ് നിങ്ങളുടെ ആയുസ്സ്. ഓരോ നിമിഷവും നിങ്ങളുടെ ആയുസ്സിന്റെ ഭാഗമാണ് അത് പാഴാക്കരുത്.

നഷ്ടപ്പെട്ട സമ്പത്ത് വീണ്ടെടുക്കാൻ കഴിഞ്ഞേക്കാം, നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കാൻ കഴിഞ്ഞേക്കാം, എന്നാൽ നഷ്ടപ്പെട്ട സമയം അത് വീണ്ടെടുക്കാനാവില്ല. അതിനാൽ സമയം നമുക്ക് കഴിയുന്നത്രയും ഉപകാരപ്രദമാക്കാം. മാത്രമല്ല, ആസൂത്രിതമായി ഉപയോഗപ്പെടുത്തുകയും ചെയ്യാം.

ഏവർക്കും നന്മ നേരുന്നു!

# കാണാമറയത്തെ നക്ഷത്രങ്ങൾ

ഇടക്കെപ്പെഴോ കണ്ണു തുറന്നു
നോക്കിയപ്പോൾ
തുറന്നിട്ട ജാലകങ്ങൾക്കിടയിലൂടെ
ഞാൻ കണ്ടു
പട്ടുമെത്തപോൽ
വിരിച്ചിട്ടൊരാകാശത്തു നിന്നും
നീലകണ്ണുള്ളൊരു കുഞ്ഞു
നക്ഷത്രം
എന്നെ തന്നെ നോക്കി നിൽപ്പുണ്ടായിരുന്നു....
ഞാൻ ആ നക്ഷത്രത്തെ തന്നെ
കുറേ നേരം അങ്ങനെ
നോക്കി കിടന്നു
എന്റെ മിഴികളെ
തൊട്ടു തലോടിക്കൊണ്ടു
പിന്നീടെപ്പഴോ
സുഖനിദ്രതൻ
പാതിമയക്കത്തിലേക്കു
ഞാൻ
വഴുതിവീണു...

ഇനിയൊരു ജന്മമുണ്ടെങ്കിൽ
പിറവികൊണ്ടീടണം
ഇരുൾ നിറഞ്ഞ മാനത്ത്
വെട്ടിത്തിളങ്ങുന്ന
കുഞ്ഞു നക്ഷത്രമായ്...
അമ്പിളിമാമനോടും
നിലാവിൻ വെട്ടത്തിൽ നിറഞ്ഞു നിൽക്കും
നക്ഷത്ര തോഴിമാരോടും
കുശലം പറയുന്ന
നക്ഷത്ര രാജകുമാരിയായ് വാഴീടണം
മഞ്ഞിൽ മൂടികിടക്കുന്ന രാത്രിയുടെ
ഏകാന്തതയിലേക്കിറങ്ങി ചെന്ന്
ഒരു കുഞ്ഞു വെളിച്ചകണമായ്
നിലകൊള്ളണം...



**Nesrin Suhana**
Final Year B.Com



# ഇനിയും പൊഴിയാതെ നീ

ഒരു പൂവായ് നീ വളർന്നു എൻ മനസ്സിൽ
ഒരിക്കലും കൊഴിയാത്ത പൂവായ്
നിനക്കായ് ഞാൻ ഒരുപാട് സ്നേഹം
കാത്തുവെച്ചു എന്നുള്ളിൽ.
എങ്കിലും നിനക്ക് ഇഷ്ടം
അകലെ കാണുന്ന ശലഭത്തെയായിരുന്നു
എന്നിലെ ജീവനായിരുന്നു നീ
നിന്നോട് ചേർന്നിരിക്കുന്ന എന്നിലെ
സ്നേഹം മനസ്സിലാക്കാതെ നീ-
വിടർന്നു നിന്നു ആ ശലഭത്തിനായ്
ആ നിമിഷത്തിലും എന്റെ മനസ്സ്
എന്നോട് മന്ത്രിക്കുമായിരുന്നു
നീ ഒരുനാൾ എന്നിൽ അലിയുമെന്ന്
ആ സുന്ദര നിമിഷത്തിനായ് കാത്തിരിപ്പൂ
നിൻ പാതയോരം ഈ ജന്മം.

**Hasna P.H.**
I Year B.Com - A

# ഞാനൊരു വേശ്യ



**Suhail V.A.**
IInd Year B.Com - B

ഞാൻ ഈ മണ്ണിലേക്ക് പിറന്നു വീണതും ഈ മണ്ണോടു ഞാനലിഞ്ഞു ചേർന്നതും നഗ്ന യായിട്ടാണ്. ജനിക്കുമ്പോഴും മരിക്കുമ്പോഴും എന്റെ നഗ്നതയെ ആരും ആസ്വദിച്ചിരുന്നില്ല. ഈ സമയങ്ങളിലൊന്നും കാമം നിറഞ്ഞ മനസ്സുമായി വികാരാവേശത്തോടുകൂടി എന്റെ ശരീരവുമായലിയാൻ ആരും വന്നിട്ടുമില്ല.

എന്നാൽ ജനനത്തിനും മരണത്തിനുമിടയി ലുള്ള എന്റെ യാത്രയിൽ, ഒരു പച്ചമാങ്ങ പഴുക്കു വാൻ വേണ്ടി പുഴുക്കൾ കാത്തിരിക്കുന്നതു പോലെ എന്റെ ശരീരവളർച്ചയും നോക്കി വിളറിപൂണ്ടിരിക്കുന്ന ഒരു പറ്റം നരഭോജികളെ ഞാൻ തിരിച്ചറിഞ്ഞില്ല. അല്ലെങ്കിൽ മനുഷ്യ മാംസത്തിനോടുള്ള അവരുടെ ആസക്തി മനസ്സിലാക്കുവാൻ ഞാൻ വൈകിപ്പോയി

ഇന്ന് എനിക്കെല്ലാമറിയാം, എന്നോടൊപ്പം തോളോടുതോൾ ചേർന്നിരിക്കുന്ന എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഈ ലോകത്തെ ഏറ്റവും നിഷ്കളങ്കരായവർ എന്ന് ഞാൻ വിശ്വസി ച്ചിരുന്നവരാണ് എനിക്ക് ആദ്യമായി 'വേശ്യ' എന്ന ആലങ്കാരിക പദം ചാർത്തി തന്നത്. മാന്യതയുടെ മുഖം മൂടിയണിഞ്ഞ അവരുടെ യഥാർത്ഥ മുഖം സമൂഹത്തിന് മുന്നിൽ തുറന്ന് കാട്ടണമെന്ന് എനിക്കാഗ്രഹമുണ്ട്. ഇനിയൊ രിക്കലും സാധിക്കില്ലെങ്കിലും ചെന്നായ്ക്കളാണ വരെന്ന് ഉറക്കെ വിളിച്ച് പറയാൻ ഞാനാഗ്രഹി ക്കുന്നു. അവരുടെ കാപട്യം തുറന്നു കാണി ക്കാതെ എന്റെ യാത്ര അവസാനിപ്പിച്ചതിൽ ഞാൻ ഇന്ന് പശ്ചാത്തപിക്കുന്നു.

ഒരു യുവതിയെ കണ്ടാൽ അവൾ മാന്യമായ വസ്ത്രം ധരിച്ചവളാണെങ്കിലും അവളുടെ വസ്ത്രങ്ങളെല്ലാം കീറിമുറിച്ച് അവളുടെ രഹസ്യഭാഗങ്ങളെക്കുറിച്ച് വർണ്ണന നടത്താൻ കഴിവുള്ള കണ്ണുകളുള്ളവരാണ് ഇന്നത്തെ കാലഘട്ടത്തിലെ ഭൂരിഭാഗം യുവാക്കളും. തന്റെ അടുത്തുനിൽക്കുന്ന സുഹൃത്തിനോട് അവളുടെ ശരീരസൗന്ദര്യം വിവരിച്ച്, അവളുടെ നഗ്നതയെക്കുറിച്ച് ചർച്ച നടത്തി അതിൽ നിന്നും സുഖം കണ്ടെത്തുന്നവർ. എന്റെ സുഹൃത്തു ക്കളും അങ്ങനെയുള്ളവരായിരുന്നു. നമ്മുടെ നാട്ടിലെ ഭൂരിഭാഗം യുവതികളും കാഴ്ചയില്ലാത്ത കണ്ണുകളുമായി നടക്കുന്നവരാണ്. അവരുടെ ചുറ്റും സംഭവിക്കുന്നതൊന്നും അവർ കാണുന്നില്ല. അവരുടെ ചുറ്റും നിന്നുകൊണ്ട് അവരുടെ പ്രിയപ്പെട്ടവർ പറയുന്നത് കേൾക്കാനുള്ള കേൾവിശക്തി അവർക്കില്ല. എന്നെപ്പോലെ ഒരുപാട് 'വേശ്യ'കൾ നമ്മുടെ നാട്ടിൽ ഇനിയുമുണ്ടാകുമല്ലോ എന്നോർക്കുമ്പോൾ എനിക്ക് വലിയ സങ്കടം തോന്നുന്നു.

പത്രമാധ്യമങ്ങളിലൂടെ ദിവസവും പീഡനത്തി നിരയായ പെൺകുട്ടികളുടെ വാർത്തകൾ കാണുമ്പോൾ ഞാനതൊന്നും ശ്രദ്ധിക്കാറില്ല. ഇതെല്ലാം എന്നും കേൾക്കുന്നതല്ലേ എന്ന് പറഞ്ഞ് തള്ളിക്കളയാറാണ് പതിവ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന ആക്രമണങ്ങളെക്കുറിച്ച് കേട്ടിട്ടും എനിക്ക് യാതൊരും ഉത്കണ്ഠയും തോന്നിയിട്ടില്ല. ആക്രമിക്കപ്പെട്ടവരുടെ ഭാഗത്തും എന്തെങ്കിലു മൊക്കെ തെറ്റ് കാണും എന്നൊരു ചിന്താഗതിക്കാരി യായിരുന്നു ഞാൻ. എന്നാൽ ഏറ്റവും പ്രിയപ്പെട്ട എന്റെ സുഹൃത്തിന്റെ അരികിൽ നിന്ന് അത്തരമൊരനുഭവം എനിക്കുണ്ടായപ്പോൾ ഞാൻ ശരിക്കും പതറിപ്പോയി. ഇതിനും മുൻപ് പരിഹസിച്ചവരോടെല്ലാം മനസ്സുകൊണ്ട് ഞാൻ ആയിരം വട്ടം മാപ്പു ചോദിച്ചു. അവനെ സ്വന്തം മകനെപ്പോലെ കരുതുന്ന എന്റെ അച്ഛനോടും അമ്മയോടും എനിക്ക് അവനിൽ നിന്ന് നേരിട്ട

അനുഭവം പറയാൻ മനസ്സുവന്നില്ല. എനിക്ക് പറ്റിയ ആദ്യത്തെ തെറ്റ് അതായിരുന്നു

പിന്നീടങ്ങോട്ട് എനിക്ക് ഒന്നിനോടും ഒരു താൽപര്യവുമില്ലാതായി. അവന്റെ ശല്യം സഹിക്കാൻ വയ്യാതെ പഠനം പോലും ഞാൻ പാതിവഴിയിൽ ഉപേക്ഷിച്ചു. പതിയെ പതിയെ എന്റെ കളിയും ചിരിയുമെല്ലാം ഇല്ലാതായി. അവിടുന്നങ്ങോട്ടുള്ള ഒരുപാടു രാത്രികൾ എനിക്ക് ഉറക്കമില്ലാത്തതായി.

പിന്നീടൊരു ദിവസം എന്റെ അച്ഛനും അമ്മയും വീട്ടിലില്ലാത്ത നാൾ അവനും മറ്റ് കൂട്ടുകാരും കൂടി കയറി വന്ന് എന്നെ ശാരീരികമായി കീഴ്പ്പെടുത്തി ക്രൂരമായ പീഡനത്തിനിരയാക്കി. അബോധാവസ്ഥയിലായ ഞാൻ പിന്നീടെഴുന്നേൽക്കുന്നത് ഒരു സ്വകാര്യ ആശുപത്രിയുടെ കട്ടിലിലായിരുന്നു. പിന്നീടങ്ങോട്ടുള്ള ദിവസങ്ങൾ എനിക്ക് തിരിച്ചറിവിന്റേതായിരുന്നു. ആശുപത്രി വിട്ട ദിവസം മുതൽ എന്റെ ജീവിതം നശിപ്പിച്ചവർക്കെതിരെയുള്ള നിയമയുദ്ധം ഞാൻ തുടങ്ങി. എന്നാൽ അവിടെയും എനിക്ക് നിരാശയായിരുന്നു ഫലം. പണത്തിന്റേയും അധികാരത്തിന്റേയും ബലം കൊണ്ട് തെളിവുകളും കോടതിയും അവർക്കനുകൂലമായി നിന്നു. അവർക്കുവേണ്ടി ഹാജരായ കറുത്ത കോട്ടിട്ട നികൃഷ്ട ജീവി പണത്തിനു വേണ്ടി ശരീരം വിൽക്കുന്ന ഒരു ലൈംഗിക തൊഴിലാളിയാണ് ഞാനെന്ന് കൂടി പറയുന്നത് കേട്ടപ്പോൾ ഇതൊന്നും വേണ്ടിയിരുന്നില്ല എന്നെനിക്കു തോന്നി. ഞാനേറെ പ്രതീക്ഷയർപ്പിച്ച കോടതിയിൽ നിന്നുപോലും ആക്ഷേപം കേൾക്കേണ്ടി വന്നതോടെ എന്റെ ഉള്ളിൽ സംഭരിച്ചുവെച്ചിരുന്ന ധൈര്യം മുഴുവൻ ചോർന്നുപോയി. നിരാശയോടെ അതിലുപരി ഹൃദയം നുറുങ്ങുന്ന വേദനയോടെ കോടതിയുടെ പടവുകൾ ഇറങ്ങുമ്പോഴാണ് എന്റെ സുഹൃത്തുക്കളെന്ന് ഞാൻ വിശ്വസിച്ചിരുന്ന ആ പകൽമാന്യന്മാർ എന്നെ 'വേശ്യ' എന്ന പദംകൊണ്ട് വിശേഷിപ്പിച്ചത്. പിന്നീട് സമൂഹം അതേറ്റെടുക്കുകയായിരുന്നു. വാക്കുകൾ കൊണ്ടെല്ലാവരും എന്നെ പിച്ചിച്ചീന്തി. പീഡിപ്പിക്കപ്പെടുമ്പോൾ ഉണ്ടായതിനേക്കാൾ വേദന എനിക്കപ്പോൾ തോന്നി.

ഇത് എന്നിലൂടെ അവസാനിക്കുന്നില്ല.നീരും ചോരയും ഉള്ള പെണ്ണിന്റെ പിന്നിലൂടെ ഓടുന്ന ചെന്നായ്ക്കൾ ഈ സമൂഹത്തിൽ ഉള്ളിടത്തോളം കാലം എന്നെപ്പോലുള്ളവർ ഇനിയുമുണ്ടാകും. അവരേയും 'വേശ്യ' എന്ന് ഈ സമൂഹം അഭിസംബോധന ചെയ്യും. പക്ഷെ അവരറിയുന്നില്ല എന്നെപ്പോലുള്ളവർ എങ്ങനെയാണുണ്ടാകുന്നതെന്ന്.





# പതിയിരിക്കുന്ന ലഹരിക്കുഴികൾ

മാതൃകവാടം തുറന്നവൻ ഇരുവഴികളിൽ
ഉറങ്ങുമ്പോൾ...
സ്വന്തമല്ലെങ്കിലും സ്വന്തമാക്കുന്ന
പുതുയുഗത്തിൽ അവൻ ഇടറിവീഴുന്നു
ഗൂഢമായ് ഉയർന്ന ഇരുകൈകൾ തൻ
സ്പർശത്തിൽ അവനിതാ വാനിൽ ഉയരുന്നു.
മറക്കില്ലെന്റമ്മ ഉരുവിട്ട വാക്കുകൾ
ഇന്നവൻ കിരാതനായ് ഉയർന്നതും
മിഥ്യയെ സത്യമായ് മനസ്സിൽ പകർത്തിയതും
സഹപാഠിയെന്ന നാലക്ഷരത്തിൻ പ്രഭയിൽ
ലഹരിതൻ നാമ്പുകൾ നുണയുന്ന
സ്വർഗ്ഗീയ യുഗത്തിൽ
അമ്മ പെങ്ങളെപ്പോലും മറന്നിടും
യുവത്വമേ..... അറിയുക നീ
അമ്മയെന്ന രണ്ടക്ഷരത്തിൻ
മഹത്വത്തെ!



**Shifana Thesnim**
IInd Year B.Com - B



# ഒളിഞ്ഞുനോട്ടം



**Vishnu T.V.**
Final Year B.Com

ഇന്നത്തെ സമൂഹം ഏറ്റവും കൂടുതൽ തേടുന്നത്
ഏതു നിമിഷവും ഉണ്ടായേക്കാവുന്ന മനുഷ്യൻ എന്ന വർഗ്ഗത്തിന്റെ
ഭീകരതക്കും അക്രമണങ്ങൾക്കും എതിരെ ചെറുത്തു നിൽക്കാൻ
അല്ലെങ്കിൽ
ഓടിയൊളിക്കാൻ ആവശ്യമായ ഒരു ഒളിമറയാണ്.
ഒട്ടനവധി ഭീകരതകൾ പിഞ്ചുകുഞ്ഞുങ്ങൾക്കുനേരെയും
സ്ത്രീകൾക്കു നേരെയും അനുഭവിക്കേണ്ടിവരുന്നുണ്ട്.
എത്രയെത്ര ആളുകൾ ബലിയാടായിട്ടും നമ്മുടെ നിയമവ്യവസ്ഥയിൽ
ഒരു മാറ്റവും ഇന്നേവരെ ഉണ്ടായിട്ടില്ല.
മൃഗങ്ങൾ പോലും സ്വന്തം വർഗ്ഗത്തോട് സ്നേഹം പുലർത്തുന്ന
ഇക്കാലത്ത് വിദേശരാജ്യങ്ങളിലെ പോലൊരു ശക്തമായ നിയമ വ്യവസ്ഥ
അനിവാര്യമാണ്.

*(മനുഷ്യൻ എന്ന വർഗ്ഗം ചില മൃഗങ്ങളേക്കാൾ*
*ക്രൂരമായി മാറിയിരിക്കുന്നു എന്ന കാലത്തെ*
*അവതരിപ്പിക്കുന്ന ഒരു ചെറു ചിത്രം)*

# നീർമാതളം വീണ്ടും പൂക്കുമ്പോൾ



**Harismitha P.L.**
(Malayalam)

"ഇനിയും ഞാൻ വരും ഒരു നീലപ്പൊൻമാനായെങ്കിലും" അവസാനമായി പുന്നയൂർക്കുളത്തെത്തി മടങ്ങുമ്പോൾ കമല സുരയ്യ പ്രിയപ്പെട്ടവരോട് പറഞ്ഞ വാക്കുകളാണിത്. നാലപ്പാട്ട് തടവാടിന്റെ പാരമ്പര്യശേഷിപ്പുകൾ കുടികൊള്ളുന്ന മണ്ണിൽ തളിർത്തു നിൽക്കുന്ന വൃക്ഷശിഖരങ്ങളിലേക്ക് ഒരു പക്ഷിയായി പറന്നുവരുമെന്ന് കമല സുരയ്യ പറയുമ്പോൾ പുന്നയൂർക്കുളവുമായുള്ള ആത്മബന്ധമാണ് ആ വാക്കുകളിൽ വെളിപ്പെടുന്നത്. നാലപ്പാട്ടെ പറമ്പിൽ കാവിനരികിലെ നീർമാതളവും ആ നീലപ്പൊൻമാന്റെ വരവിനായ് കാത്തിരിക്കുകയാണ്. ഒരു പക്ഷേ, മറ്റാരേക്കാളുമേറെ ആ വിശ്വസാഹിത്യകാരിയുടെ അദൃശ്യ സാമീപ്യം ആഗ്രഹിക്കുന്നതും ഈ നീർമാതളം ആയിരിക്കാം.

ശില്പഭംഗിക്ക് വേണ്ടിയോ, ഭാഷാഭംഗിക്ക് വേണ്ടിയോ തിരുത്തലുകൾ ആവശ്യമില്ലാത്ത വിധം ചടുലമായ ഭാഷാശൈലിയും, പെണ്ണെഴുത്തിന്റെ മഷി പുരളാതെ പെണ്ണിന്റെ സ്നേഹം കൊണ്ട് എഴുതിയ കഥകളാണ് കമലാസുരയ്യയുടേത്. ജീവിതയാത്രയിൽ നേരിട്ടോ പറഞ്ഞുകേട്ടോ അനുഭവിച്ച ഗൃഹാതുരസ്മരണകളാണ് മാധവിക്കുട്ടി തന്റെ കഥകളിൽ നിറച്ചത്. നീർമാതളത്തിന്റെ സുഗന്ധം പേറുന്ന കാവ്യഭാഷയിലൂടെ അവർ ലോകത്തെങ്ങുമുള്ള വായനക്കാരുടെ പ്രിയപ്പെട്ട എഴുത്തുകാരിയായി. ഒടുങ്ങാത്ത സ്നേഹവായ്പും കരുണയുടെ ആർദ്രഭാവവും മാധവിക്കുട്ടിയുടെ ഓരോ വാക്കിലും നിറഞ്ഞു നിന്നു. കൊൽക്കത്തയിലോ, കൊച്ചിയിലോ ലോകത്തെവിടെയായാലും മാധവിക്കുട്ടിയുടെ മനസ്സുനിറയെ പുന്നയൂർക്കുളമായിരുന്നു. ജാനമ്മ പറഞ്ഞകഥകളും കലിനാരായണൻ നായരുടെ അശ്ലീലതമാശകളും അതിൽ നിറഞ്ഞു നിന്നു.

സ്വപ്നഭാഷയിലൂടെ മാധവിക്കുട്ടി വായനക്കാർക്ക് കാല്പനികതയുടെ വിരുന്നൊരുക്കുകയായിരുന്നു. തന്റെ ഹൃദയം തൊട്ടെഴുതിയ വാക്കുകളുടെ നൈർമ്മല്ല്യം നിലാവിൽ കുളിച്ചു നിന്ന നീർമാതളത്തിൻ സുഗന്ധം പോലെ അക്ഷരസ്നേഹികളെ ആഹ്ലാദിപ്പിച്ചു. ബാല്യകാല സ്മരണകൾ, നീർമാതളം പൂത്തകാലം, നെയ്പായസം, നഷ്ടപ്പെട്ട നീലാംബരി തുടങ്ങിയവയെല്ലാം വായനക്കാരുടെ മനസ്സിൽ പുതിയ തലങ്ങൾ സൃഷ്ടിച്ചു. ജീവിതത്തിൽ ലൈംഗീകത എങ്ങിനെ ആഘോഷമാക്കിമാറ്റാമെന്ന് തെളിയിച്ച കമല 'എന്റെ കഥ'യിലൂടെ എഴുത്ത് തന്റെ സ്വാതന്ത്ര്യ പ്രഖ്യാപനമാണെന്ന് ലോകത്തോട് വിളിച്ചു പറഞ്ഞു. അതുയർത്തിയ വിസ്ഫോടനം മലയാളിയുടെ കപട സദാചാര ത്തിനേൽപ്പിച്ച മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല. ഒരു ചാറ്റൽ മഴ പോലെ, മലയിറങ്ങി വരുന്ന അരുവി പോലെ കമലയുടെ കാവ്യഭാഷ വായനക്കാരെ സ്വപ്നത്തിന്റെ അതിരില്ലാത്ത ലോകത്തെ അനുഭവിപ്പിക്കുകയായിരുന്നു.

ഒരു മരമെങ്ങനെ ഒരാളുടെ ജീവിതവൃക്ഷമായി മാറുന്നു എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് നീർമാതളവും മാധവിക്കുട്ടിയും തമ്മിലുള്ള ആത്മബന്ധം. തന്റെ പ്രിയപ്പെട്ട ആമിയ്ക്ക് അംഗീകാരം കിട്ടുമ്പോഴും, ഒടുവിൽ ജീവൻ നഷ്ടമാകുമ്പോഴും സുഗന്ധം പൊഴിച്ചാണ് നീർമാതളം സന്തോഷവും വേദനയും മാലോകരെ അറിയിച്ചത്.

നീർമാതളം പൂക്കുന്നത് കേവലം ഓരാഴ്ച്ചക്കാലത്തിന് വേണ്ടിയാണ്. പുതുമഴയുടെ സുഗന്ധം മണ്ണിൽ നിന്നും ഉയർന്നാൽ നീർമാതളം പൂക്കാറായെന്ന് വിചാരിക്കാം. പൂക്കൾ



വന്ന് നിറഞ്ഞാൽ ഇലകൾ കൊഴിയുകയും ചെയ്യും.

നീർമാതളം പൂക്കുന്ന കാലത്ത് നാട്ടിൽ വന്നെത്തുവാൻ കൽക്കത്തയിൽ ഒരു വിദ്യാർത്ഥിനിയായി ജീവിച്ചിരുന്ന കമലയ്ക്ക് എല്ലാവർഷവും സാധിച്ചിരുന്നില്ല. എങ്കിലും അടച്ച കൺപോൾക്ക് പിന്നിൽ വെണ്ണവർണ്ണമുള്ള പൂക്കളും വഹിച്ച് തലയെടുപ്പോടെ നിൽക്കുന്ന ആ മരം വൈകാരിക സുരക്ഷിതത്വത്തിന്റെ ഒരു പ്രതീകം കണക്ക് നില കൊള്ളുന്നു. അതിന്റെ ഗന്ധം സ്മരണയുടെ രാജവീഥികളിൽ തളംകെട്ടുന്നു.എന്ന് കമല 'നീർമാതളം പൂത്തകാലം' എന്ന കൃതിയിൽ വിവരിക്കുന്നുണ്ട്.

കമലയ്ക്ക് പുന്നയൂർക്കുളവും നാലപ്പാട്ടെ തറവാടും, അമ്മമ്മയുമെല്ലാം മറ്റൊരു ലോകമായിരുന്നു. അച്ഛന്റേയും, അമ്മയുടേയും ഒപ്പം കൽക്കത്തയിലേക്ക് ചേക്കേറിയെങ്കിലും എല്ലാ വേനലിലും കമല നാലപ്പാട്ട് എത്തിയിരുന്നു. അദൃശ്യങ്ങളായ മുറിവുകളാലും, വാക്കുകളാലും, നോട്ടങ്ങളാലും മറ്റുള്ളവർ ഏൽപ്പിച്ച ക്ഷതങ്ങൾ നാലപ്പാട്ടെ വടക്കേമുറിയിൽ അമ്മമ്മയോടൊപ്പം കിടന്നുറങ്ങുമ്പോൾ അവർക്ക് വിസ്മരിക്കാൻ കഴിഞ്ഞിരുന്നത്രേ.

ഓർമ്മകളുടെ വിരൽപ്പാടുകൾ തേടി വർഷങ്ങൾക്കുശേഷം നാലപ്പാട് സ്ഥിരമായി താമസിക്കാൻ മാധവിക്കുട്ടി എത്തിയിരുന്നു. പുന്നയൂർക്കുളത്തെ ഇരുവശവും നിരന്നുനിന്നമുള്ളു വേലികൾക്കിടയിലൂടെ തലനീട്ടിനിന്ന കോളാമ്പിയും, കൈതപ്പൂവും നിറഞ്ഞ വഴികളിലൂടെ മതിയാവോളം അവർ നടന്നു. പ്രണയത്തിനും സ്വപ്നത്തിനും സുഗന്ധം നൽകിയ നീർമാതളച്ചുവട്ടിലിരുന്ന് പഴയ കളിക്കൂട്ടുകാരുമൊത്ത് കിന്നാരം പറഞ്ഞ്, മുക്കുറ്റിപ്പൂവ് പറിച്ച് ചാന്ത്തൊട്ട് പറമ്പിൽ കാവിലെ കളമെഴുത്തും പാട്ടും കണ്ട് ബാല്യത്തിൽ നീന്തിത്തുടിച്ച കുളത്തിൽ ദിവസേന മുങ്ങികുളിച്ച് വടക്കേമുറിയിൽ ഇടയ്ക്ക് അമ്മമ്മയുടെ മണംപതറി രാത്രിയിൽ ഉറക്കത്തിനിടെ നിലാവിൽ കുളിച്ച് നിന്ന നീർമാതളത്തെ കാണാൻ പലപ്പോഴും ജനലരികിലേയ്ക്കോടി. പക്ഷേ, ഒറ്റയ്ക്കുള്ള ജീവിതം വേണ്ടത്ര സുരക്ഷിതമല്ലാത്തതിനാൽ ഒന്നരക്കൊല്ലം മാത്രമേ ആ ജീവിതം നീണ്ടുനിന്നുള്ളൂ.

നീർമാതളം പൂക്കുന്ന കാലത്തോളവും കമലാസുരയ്യയുടെ കഥാപാത്രങ്ങൾ മനസ്സിൽ ജീവിച്ചിരിക്കുന്നിടത്തോളവും പുന്നയൂർക്കുളത്തിന്റെ കഥാകാരിക്ക് മരണമില്ല. അക്ഷരങ്ങളിൽ സ്നേഹത്തിന്റെ പ്രണയത്തിന്റെ പ്രവാഹം പകർന്ന കഥാകാരിക്ക് പ്രണാമം അർപ്പിക്കാൻ ഇന്നും നിരവധി പേരാണ് നീർമാതളച്ചുവട്ടിലെത്തുന്നത്. നീർമാതളത്തിന്റെ സുഗന്ധം ആസ്വദിച്ച് മടങ്ങുന്നവർ നീർമാതളത്തിന്റെ ചില്ലയിൽ എവിടെയോ ഒളിഞ്ഞിരിക്കുന്ന ആ നീലപ്പൊൻമാനെ തിരയുകയാണ്.



# TIME




It's free.............

But it's priceless

You can't own it

But you can use it

You can't keep it

But you can spent it

Once you have lost it

You can never get it back............



**Mohammed Riyas**
1st Year B.Com - A

# പുഞ്ചിരിക്കാൻ മറന്ന നിമിഷങ്ങൾ

വിജയത്തിൻ ചിറകിലേറാൻ
കൊതിച്ച എൻ ഹൃദയത്തെ അവിശ്വാസ-
ത്തിൻ ചിറകിലേറ്റിയ അഹങ്കാരം
അതിനെൻ ജീവിത ലക്ഷ്യങ്ങളിൽ
ഊഴ്ന്നിറങ്ങുമ്പോൾ
സന്തോഷിക്കാൻ കഴിയാത്ത വിധം
ഹൃദയം ഇരുട്ടാൽ നിറയുന്നു.
തോൽക്കാതിരിക്കാൻ ജീവിതമാകും
യുദ്ധക്കളത്തിൽ പോരാടി
ഒടുവിലെൻ ശരീരത്തെ
വാർധക്യമെന്ന മോഷ്ടാവ്
കവർന്നെടുക്കുമ്പോൾ
ഞാനറിഞ്ഞു ജീവിതമാം
സാഗരത്തിൽ ഞാൻ
പുഞ്ചിരിക്കാൻ മറന്നുപോയിയെന്ന്.



**Khashiya C.V.**
Final Year B.Com




# കുത്തിവരകൾ



**Nesrin Suhana**
Final Year B.Com

ഏകാന്തതയുടെ തീരത്തു സ്വയം ഉരുകിത്തീരുന്ന നേരത്ത് ശൂന്യമായൊരു വെള്ളക്കടലാസിൽ ഇറ്റിവീഴുന്ന കണ്ണുനീരോടു കൂടി എന്നിലെ ഓർമ്മകളെ പതിച്ചു വെക്കണം. നാളെ ഈ ലോകത്തോട് വിട പറഞ്ഞാൽ ആ ഓർമ്മകളെങ്കിലും നിലനിൽക്കട്ടെ എന്ന പ്രതീക്ഷയാൽ....

ഭൂമിയോടുള്ള മനുഷ്യന്റെ
മധുര പ്രതികാരമാണ്
അതിരുകൾ ഇട്ട് മതിലുകൾ കെട്ടിപ്പടുക്കൽ..





സൂര്യനസ്തമിക്കും സന്ധ്യാസമയത്ത് കാറ്റിന്റെ മർമ്മരത്തിനും കിളികളുടെ ഈണങ്ങൾക്കും കാതോർത്ത് ആകാശത്തിലെ കാർമേഘങ്ങൾക്കിടയിലൂടെ കണ്ണോടിച്ചുകൊണ്ട് മഴയെ കാത്തിരുന്നിട്ടുണ്ടോ?

പുറംലോകം കാണാതെ കിടക്കുന്ന കുറച്ച് എഴുത്തിൻ കൂട്ടങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്റെ പുസ്തകത്താളുകളിൽ. പ്രകൃതിയേയും മണ്ണിനേയും ചെടികളേയും മനുഷ്യനേയും ഇടകലർത്തിക്കൊണ്ടുള്ളൊരു കൃതി.





എഴുതി തീർക്കുന്ന ഓരോ
പേനകൾക്കും പേപ്പറുകൾക്കും
അടങ്ങാത്ത പ്രണയമാണ്
പരീക്ഷകളോട്.

ഉമ്മ വാരി തരുന്ന ഓരോ പിടി ചോറിലും സ്നേഹത്തിന്റെയും വാത്സല്യത്തിന്റേയും മാധുര്യം നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു.





കൂടപ്പിറപ്പുകളെ വേദനിപ്പിക്കാനാ-
വില്ലെനിക്കു പകരം ഞാൻ
നിന്നെ വേദനിപ്പിച്ചോട്ടെ
മറക്കുക
എന്നെ നീ എന്നന്നേക്കുമായ്
മറക്കുവിൻ
അതല്ലോ നമുക്കിരുവർക്കും
ഉത്തമം.

ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങൾക്കു മുമ്പിൽ മൂകതയോടെ ഇരിക്കുമ്പോൾ ചേദ്യപേപ്പറുപോലും എന്നെ നോക്കി പരിഹസിച്ചു ചിരിക്കുകയാണ്.






തല്ലി തകർത്തോളൂ
തച്ചുടച്ചോളൂ
എങ്കിലും
എന്റെ മനസ്സിലെ
ആത്മ വിശ്വാസത്തിൻ
അഗ്നി
ആളികത്തിക്കൊണ്ടേയിരിക്കും
ഒരിക്കലും
അണയാത്ത
തിരിനാളം പോലെ!

തകിടു കഷ്ണങ്ങൾ പോലെ ചിന്നിച്ചിതറി കിടക്കുന്ന ഓരോ കരിങ്കല്ലുകൾക്കും പറയുവാനുണ്ട് ഊണും ഉറക്കവും ഇല്ലാതെ ഒരു കുടുംബത്തെ മുഴുവൻ കരകയറ്റാൻ വേണ്ടി രാവന്തിയോളം ചോര നീരാക്കി അദ്ധ്വാനിക്കുന്ന തൊഴിലാളികളുടെ കണ്ണുനീരാൽ നിറഞ്ഞ ദുരിത കഥകളെക്കുറിച്ചും ആ കഥകളിലെ കഥാപാത്രങ്ങളായ കുറേ മനുഷ്യജന്മങ്ങളെക്കുറിച്ചും.






**Shameera O.M.**
(Arabic)

# ജിബ്രാൻ:
## അറബി സാഹിത്യത്തിന്റെ ഇതിഹാസം, ലോക സാഹിത്യത്തിന്റേയും.

ഖലീൽ ജിബ്രാൻ - ലബനേനിൽ ജനിച്ച് അമേരിക്കയിൽ വളർന്ന വിശ്വപ്രസിദ്ധനായ അറബി സാഹിത്യകാരൻ. ജീവിതത്തിന്റെ അധികഭാഗവും അമേരിക്കൻ ഐക്യനാടുകളിൽ കഴിഞ്ഞ ജിബ്രാൻ സാഹിത്യത്തിലും ചിത്രകലയിലും ഒരുപോലെ കഴിവ് തെളിയിച്ചു. 1923 ൽ ജിബ്രാൻ എഴുതിയ 'പ്രവാചകൻ' എന്ന കാവ്യോപന്യാസ സമാഹാരം അദ്ദേഹത്തെ ലോക പ്രശസ്തനാക്കി. അൽമുസ്തഫ എന്ന കഥാപാത്രത്തിലൂടെ മനുഷ്യജീവിതത്തിലെ പ്രണയം, വിവാഹം, കുട്ടികൾ, നീതി, ശിക്ഷ, സ്വാതന്ത്ര്യം, ഔദാര്യം, സുഖം, ദുഃഖം തുടങ്ങിയ ആശയങ്ങൾ ഒരു പ്രവചന ശൈലിയിലൂടെ ജിബ്രാൻ വളരെ മനോഹരമായി പ്രവാചകനിൽ അവതരിപ്പിച്ചു.

ശിശുവിനെ മാറോടണച്ച ഒരുവൾ പറഞ്ഞു: കുഞ്ഞുങ്ങളെപ്പറ്റി ഞങ്ങളോട് പറഞ്ഞാലും. പ്രവാചകൻ പറഞ്ഞു:"നിങ്ങളുടെ കുട്ടികൾ നിങ്ങളുടേതല്ല. ജീവിതത്തിന് സ്വന്തം നിലനിൽപ്പിനോടുള്ള പ്രണയത്തിൽ നിന്ന് ജനിച്ച കുട്ടികളാണവർ. അവർ നിങ്ങളിലൂടെയാണ് വന്നതെങ്കിലും നിങ്ങളിൽ നിന്നല്ല വന്നത്. നിങ്ങളോടൊപ്പമാണെങ്കിലും അവർ നിങ്ങളുടേതല്ല. നിങ്ങൾ അവർക്ക് സ്നേഹം നൽകിക്കോളൂ പക്ഷേ, ചിന്തകൾ നൽകരുത്. എന്തെന്നാൽ അവർക്ക് അവരുടേതായ ചിന്തകളുണ്ട്. അവരെപ്പോലെയാകാൻ നിങ്ങൾക്ക് പരിശ്രമിക്കാം. പക്ഷേ അവരെ ഒരിക്കലും നിങ്ങളെപ്പോലെയാക്കാൻ ശ്രമിക്കരുത്. ജീവിതം പിന്നോട്ട് പായുന്നില്ല. ഇന്നലെയിൽ തങ്ങി നിൽക്കുന്നുമില്ല. നിങ്ങൾ വില്ലാണെങ്കിൽ ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കുന്ന അമ്പുകളാണ് കുട്ടികൾ, വില്ലിന് ഉറപ്പുണ്ടെങ്കിലേ അമ്പുകൾ ലക്ഷ്യം കാണൂ. അതിനായി ഉള്ളിൽ തട്ടിയ സന്തോഷത്തോടെ നിന്നു കൊടുക്കുക".




പ്രണയത്തെ അതിമനോഹരമായ രീതിയിൽ വായനക്കാരിലേക്കെത്തിച്ച ഒരാളുകൂടിയാണ് ജിബ്രാൻ. തന്റെ പ്രണയത്തിന്റെ തകർച്ചയാണ് "ഒടിഞ്ഞ ചിറകുകൾ" എന്ന കൃതി എഴുതാൻ

കാരണമായത് എന്ന് ജിബ്രാൻ പറയുന്നു. ഇതിൽ പ്രണയവും വിരഹവും വളരെ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നത് കാണാം. " നീ പറയുന്നതെല്ലാം ഞാൻ ചെയ്യും എന്റെ ആത്മാവിനെ നിന്റെ ആത്മാവിനുള്ള ആവണമാക്കും. എന്റെ ഹൃദയത്തെ നിന്റെ സൗന്ദര്യത്തിന്റെ നികേതനമാക്കും. എന്റെ വക്ഷസ്സിനെ നിന്റെ ദുഃഖങ്ങളുടെ ശവകുടീരമാക്കും. നിന്നെ ഞാൻ സ്നേഹിക്കും. പുൽമൈതാനങ്ങൾ വസന്തത്തെ സ്നേഹിക്കുന്നപോലെ".

അമ്മയോടുള്ള കടമ സ്മരിക്കാനും ജിബ്രാൻ മറന്നില്ല. മാനവരാശിയുടെ ചുണ്ടിലെ മനോഹര പദം 'അമ്മ'യെന്നും ഏറ്റവും മനോഹരമായ സംബോധന 'എന്റെ അമ്മേ' എന്നുമാണെന്ന് ജിബ്രാൻ നമ്മെ പഠിപ്പിക്കുന്നു. ആശയവും സ്നേഹവും നിറഞ്ഞൊരു പദമാണ്. ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് വരുന്ന മധുവും കരുണാമയവുമായ ഒരു പദം! അമ്മ സർവ്വവുമാണ് അവൾ ദുഃഖത്തിൽ നമ്മുടെ ആശ്വാസമാണ്. ക്ലേശത്തിൽ നമ്മുടെ പ്രതീക്ഷയാണ്. ബലഹീനതയിൽ നമ്മുടെ ശക്തിയാണ്. അവൾ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും സഹാനുഭൂതിയിലൂടെയും മാപ്പിന്റേയും ഉറവിടമാണ്. ജിബ്രാൻ കൂട്ടിച്ചേർക്കുന്നു.

ഒരുപാട് പ്രണയ കവിതകളും പ്രണയലേഖനങ്ങളും എഴുതി പ്രണയത്തെ അനശ്വരമാക്കിയ സാഹിത്യകാരനാണ് ജിബ്രാൻ. ജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങളെ വായനക്കാരനു മുന്നിൽ തുറന്നു കാട്ടാനും ജിബ്രാൻ മറന്നില്ല. അറബിയിലെന്നപോലെ ഇംഗ്ലീഷിലും ജിബ്രാന്റെ രചനകൾ പ്രശസ്തമായി. മലയാളം ഉൾപ്പെടെ നിരവധി ഭാഷകളിലേക്ക് ജിബ്രാന്റെ രചനകൾ വിവർത്തനം ചെയ്തിട്ടുണ്ട്. ജീവിക്കുന്ന സാഹിത്യകാരനായി അദ്ദേഹം മനുഷ്യ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു. അതിനാൽ ജിബ്രാൻ വായിക്കപ്പെടേണ്ടതാണ് അന്നും, ഇന്നും, എന്നും!













Granma
Inauguration of
MTM COLLEGE UNION
2K17-18
FAZIL
FAZIL
VELIYANCODE



**Dr. ASNA SHARHABIL'S**
Chief Dental Surgeon

# Mother Dental Clinic

**(A MULTI SPECIALITY DENTAL CLINIC)**
**PERUMPADAPPU - PUTHANPALLI**
**BOOKING : 9745752229, 7034462226**



**പരിശോധന സമയം**
**9AM to 6PM**

കാർപാർക്കിംഗ് സൗകര്യം
ഉണ്ടായിരിക്കുന്നതാണ്



2014 -17 B.Com (First Batch)



Final Year B.Com

# Faraday

## ELECTRICAL ENGINEERING

PARAPPANANGADI ROAD, TANUR JUNCTION

Email: faradayelectricalstanur@gmail.com

**LICENCED ELECTRICAL CONTRACTORS**

**(LIC:No. CB4400)**

**Sajith Kumar**
**9846058179**

**Sanu (Shamlaj)**
**9947603090**

**Rajesh**
**9846057339**



Second Year A Batch



Second Year B Batch




# C M M GROUP

**FRUITS, VEGETABLES & SUPERMARKET**

**PERUMPADAPPU- PARA**

*Wholesale & Retail*

**Free Home Delivery**

**9400799616**






**First Year A Batch**



**First Year B Batch**



# അഭിമുഖം
# ഷാനവാസ് കെ. ബാവക്കുട്ടി



*മലപ്പുറം ജില്ലയിലെ പൊന്നാനി സ്വദേശി. തന്റെ കന്നി സംരംഭമായ 'കിസ്മത്ത്' ലൂടെ 2016 ലെ മികച്ച നവാഗത സംവിധായകനുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം നേടിയ പ്രതിഭ. 10 വർഷം പൊന്നാനി മുനിസിപ്പൽ കൗൺസിലറായി പ്രവർത്തിച്ചു. നിരവധി ചലച്ചിത്ര മേളകളിൽ പ്രദർശന വിജയം നേടിയ 'ബ്ലാക്ക് ബോർഡ്', ഈറൻ', 'കണ്ണേറ്' എന്നീ ഷോർട്ട് ഫിലിമുകൾക്കുശേഷം 'കിസ്മത്ത്' എന്ന പൊന്നാനിയുടെ ഹൃദയഭേദകമായ കഥ പറഞ്ഞ ചിത്രത്തിലൂടെ ചലച്ചിത്ര ലോകത്തേയ്ക്ക്. കോളേജ് മാഗസിന് അനുവദിച്ച അഭിമുഖത്തിൽ ഷാനവാസ് കെ. ബാവക്കുട്ടി തന്റെ സിനിമാ-സാമൂഹിക-രാഷ്ട്രീയ നിലപാടുകൾ വ്യക്തമാക്കുന്നു.*





'വേനൽ ചൂടിൽ ഉടൽ കായുമ്പോൾ' മാഗസിനുവേണ്ടി അഭിമുഖം തയ്യാറാക്കിയത്

1. മുഹമ്മദ് ഫിർദൗസ് (ചെയർമാൻ)
2. വിഷ്ണു ടി.വി. (സെക്രട്ടറി)
3. ഇർഷാദ് കെ. (എഡിറ്റർ)

*ചോദ്യം : ന്യൂജെനറേഷൻ സിനിമകൾ എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ മലയാള സിനിമയിൽ അവയുടെ സ്വാധീനം?*

ഉത്തരം: ന്യൂജെനറേഷൻ സിനിമകൾ എന്നൊന്നില്ല. സിനിമകളെ ജെനറേറ്റ് ചെയ്യപ്പെടാതിരിക്കുക. ഓരോ കാലഘട്ടത്തിനനുസ്യതമായി സിനിമയിൽ മാറ്റങ്ങൾ ഉണ്ടാകുന്നു, അത്രമാത്രം. അടൂർ - അരവിന്ദൻ സിനിമകൾ, ഭരതൻ- പത്മരാജൻ സിനിമകൾ, ഐ.വി.ശശി - ജോഷി ചിത്രങ്ങൾ, ശശികുമാർ സിനിമകൾ പോലെ ഈ കാലഘട്ടത്തിൽ ദിലീഷ് പോത്തൻ - ആഷിഖ് അബു - രാജീവ് രവി സിനിമകൾ കൂടാതെ പക്കാ കൊമോഴ്സ്യലായ വൈശാഖ്- ഉദയകൃഷ്ണ- സിബി ചിത്രങ്ങൾ എന്നീ തരത്തിലാണെന്നുമാത്രം.

*ചോദ്യം :* സംസ്ഥാന ചലച്ചിത്ര പുരസ്ക്കാര നിർണ്ണയത്തിൽ കൂടുതൽ പുതുമുഖങ്ങൾ തിരഞ്ഞടുക്കപ്പെടുന്നതിനെപ്പറ്റി?

ഉത്തരം: അവാർഡ് കഴിവിനാണ്. സഹതാപത്തിന്റെ ആവശ്യമില്ല. ഇന്ദ്രൻസ് -വിനായകൻ തുടങ്ങിയവർ മികച്ച നടൻമാരായി തിരഞ്ഞെടുക്കപ്പെട്ടത് അവരുടെ കഴിവിനുള്ള അംഗീകാരമായി വേണം കരുതാൻ. കാലങ്ങളായി ഒരേ ആളുകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ചലച്ചിത്ര പുരസ്ക്കാരങ്ങൾ ഗതിമാറി, ഇപ്പോൾ അതിന്റെ ആഴവും പരപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ പുരസ്ക്കാരങ്ങളിൽ ഒരു പൊതു സ്വീകാര്യതവന്നു. കൂടുതൽ ജനകീയമായി എന്നുവേണം പറയാൻ.

*ചോദ്യം : ചലച്ചിത്ര പുരസ്ക്കാരങ്ങൾക്ക് തിരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങൾ മിക്കവാറും പ്രേക്ഷകർ കാണാത്തവയാവാം. എന്തുകൊണ്ടാണ് ഇത്തരം സിനിമകൾക്ക് തിയ്യേറ്റർ കിട്ടാതെ പോകുന്നത്?*

ഉത്തരം: ഒറ്റമുറി, ആളൊരുക്കം, എസ്. ദുർഗ്ഗ തുടങ്ങിയ ചിത്രങ്ങൾ കാണാൻ കഴിയാത്തതിനുള്ള പ്രധാന കാരണം നമ്മൾ പ്രേക്ഷകർ തന്നെയാണ്. ഇവ പ്രദർശിപ്പിക്കാനുളള സ്പേയ്സ് നമ്മൾ നൽകുന്നില്ല എന്നു വേണം പറയാൻ. കൂടാതെ സിനിമ 'കച്ചവടം' മാത്രമായി കാണുന്ന ഒരുപറ്റം ആളുകൾ ഇത്തരം ചലച്ചിത്രങ്ങളെ ഒരു പരിധിവരെ അകറ്റി നിർത്തുന്നു.

*ചോദ്യം : സിനിമകളോടുള്ള സെൻസർ ബോർഡിന്റെ സമീപനത്തെ താങ്കൾ എങ്ങിനെയാണ് നോക്കി കാണുന്നത്? യഥാർത്ഥത്തിൽ സിനിമ സെൻസർ ചെയ്യേണ്ട ഒന്നാണോ?*

ഉത്തരം: സെൻസർ ബോർഡ് എന്നതുതന്നെ ഒരു ഭൂലോക ബ്ലണ്ടർ ആണ്. എന്റെ ചിന്തയെ എങ്ങനെ അവതരിപ്പിക്കണമെന്നത് എന്റെ അവകാശമാണ്. അതിനുമുകളിൽ സെൻസർ ചെയ്ത് തരം തിരിക്കുന്നത് അങ്ങേയറ്റം ദുർബലമായ കാര്യമാണ്. കാണി ശക്തനാണ്. കാണിയാണ് സിനിമയെ സെൻസർ ചെയ്യേണ്ടത്.

*ചോദ്യം : ഇന്നത്തെ കാലഘട്ടത്തിൽ സോഷ്യൽ മീഡിയകൾ എത്രത്തോളം സിനിമയെ സ്വാധീനിക്കുന്നു?*

ഉത്തരം: സിനിമയ്ക്ക് വളരെ വലിയ സാധ്യതകളാണ് സോഷ്യൽ മീഡിയകളിലുള്ളത്. 'കിസ്മത്ത്' എന്ന സിനിമയുടെ വിജയത്തിനു പിന്നിൽ സോഷ്യൽ മീഡിയയുടെ വലിയ പിന്തുണ ഉണ്ടായിരുന്നു. എന്നാൽ ബോധപൂർവ്വം ചിലർ സിനിമയെ ഡീ -ഗ്രേഡ് ചെയ്യുന്നതിന് സോഷ്യൽ മീഡിയകൾ ഉപയോഗിക്കുന്നുണ്ട്. ഒരു സിനിമയ്ക്ക് ഭൂരിപക്ഷ ത്തോട് സംവദിക്കാൻ കഴിയുന്നുണ്ടെങ്കിൽ തീർച്ചയായും സിനിമകൾ കാണുക തന്നെ ചെയ്യും.

*ചോദ്യം : ഒരു രാഷ്ട്രീയ പ്രവർത്തകൻ കൂടിയായ താങ്കൾക്ക് ക്യാംപസ് രാഷ്ട്രീയത്തോടുള്ള സമീപനം?*

ഉത്തരം: പുതിയ കാലത്തെ ചെറുപ്പക്കാർ രാഷ്ട്രീയ ബോധവും ചിന്തയും ഉള്ളവരാണ്. അതിനെ ഭയക്കുന്നവരാണ് ക്യാംപസ് രാഷ്ട്രീയത്തെ എതിർക്കുന്നത്. വിദ്യാർത്ഥി കൂട്ടായ്മ, അവരുടെ കരുത്ത്, ശബ്ദം എന്നിവയെ ഭയപ്പെടുന്ന 'ബിസിനസ്സു'കാരാണ് ഇത്തരം പ്രവണതകളെ ശക്തമായി എതിർക്കുന്നത്. ക്യാംപസ്

പൊളിറ്റിക്കൽ അല്ലാതിരിക്കുമ്പോഴാണ് 'ജിഷ്ണു പ്രണോയ്' യെപ്പോലുള്ളവർ ഉണ്ടാകുന്നത്. ഇത് അനുവദിച്ചുകൂടാ, ചെറുക്കുകതന്നെ വേണം.

*ചോദ്യം : സിനിമയിലേക്ക് എത്തിപ്പെടാനുണ്ടായ സാഹചര്യം?*

ഉത്തരം: സിനിമയോടുള്ള അടങ്ങാത്ത അഭിനിവേശമാണ് എന്നെ സിനിമയിലേക്ക് അടുപ്പിച്ചത്. എല്ലാ വെള്ളിയാഴ്ചകളിലും പുറത്തിറങ്ങുന്ന പുതിയ ചിത്രങ്ങൾ ആവേശത്തോടെ കണ്ടിരുന്നു. ഇപ്പോഴും കാണുന്നു. സിനിമയുമായി അക്കാദമിക്കലായി എനിക്ക് യാതൊരു ബന്ധവുമില്ല. ആരുടെ കീഴിലും സിനിമ അഭ്യസിച്ചിട്ടുമില്ല. രാജീവ് രവിയുടെ 'അന്നയും റസൂലു'മാണ് എന്നിലെ സിനിമാ പ്രവർത്തകനെ ഉണർത്തിയത്. സിനിമയിപ്പോൾ എന്നിലെ കാഴ്ചക്കാരനെ കൂടുതൽ നവീകരിച്ചിട്ടുണ്ട് എന്നുവേണം പറയാൻ.

*ചോദ്യം : ഏതുതരം സിനിമകളോടാണ് താല്പര്യം?*

ഉത്തരം: ബേസിക്കലി സിനിമ പഠിക്കാത്തതുകൊണ്ട്, കണ്ടുകണ്ടാണ് ഞാൻ സിനിമ പഠിച്ചത്. ഞാൻ കാണുന്ന ലൈഫിനെ സിനിമയാക്കി കാണാൻ തുടങ്ങിയപ്പോൾ എന്നിലെ മേക്കർ ഉണ്ടായി എന്നു വേണം കരുതാൻ. പൊൻമുട്ടയിടുന്ന താറാവ്, പെരുവഴിയമ്പലം തുടങ്ങിയ സിനിമകൾ കാണുമ്പോൾ ഇപ്പോഴും സ്റ്റക്കായിപ്പോകാറുണ്ട്. ആവേശത്തോടുകൂടി കണ്ട ഇപ്പോഴും കാണുന്ന ചിത്രമാണ് ആറാം തമ്പുരാൻ എന്നാൽ ദേവാസുരത്തോട് അന്നുള്ള ആവേശം ഇന്നില്ല. എന്റെ കാഴ്ചപ്പാടുകൾ സിനിമയാക്കാനാണ് എനിക്കിഷ്ടം. എന്റെ പരിധിയിൽ നിന്നു കൊണ്ടുതന്നെ.

*ചോദ്യം :* അവസാനമായി, പുതിയ പ്രോജക്റ്റിനെക്കുറിച്ച് ആലോചിച്ചു തുടങ്ങിയോ? എവിടെ വരെയായി?

ഉത്തരം: കിസ്മത്തിൽ നിന്നും വ്യത്യസ്തമായ ജോണറിലുള്ള ഒരു ചിത്രമായിരിക്കും. തിരക്കഥ ഏകദേശം പൂർത്തീകരിച്ചു. ഓഗസ്റ്റിൽ ചിത്രീകരണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ബിജു മേനോനെ കേന്ദ്രകഥാപാത്രമാക്കി കണ്ണൂർ പാശ്ചാത്തലത്തിൽ ഒരു ചിത്രം. 'കിസ്മത്ത്' പോലെ ഈ ചിത്രവും സ്വീകരിക്കപ്പെടും എന്നു വിശ്വസിക്കുന്നു.

*ചോദ്യം : കുടുംബത്തെക്കുറിച്ച്*

ഉത്തരം: ഉമ്മ, ഭാര്യ, 3 ആൺകുട്ടികൾ, സഹോദരൻ, സഹോദരി.

എല്ലാ ഭാവുകങ്ങളും നേരുന്നു സർ, ഞങ്ങളുടെ മാഗസിന് വേണ്ടി ഇത്രയും നേരം സഹകരിച്ചതിന് ഒരുപാട് നന്ദി!





# ചിതലരിച്ച കണ്ണുനീർതുള്ളി

കാലക്കേടിനു വന്നൊരു മേഘം
പേറിനടപ്പൂ നുകങ്ങൾ പോൽ
വണ്ടിക്കാളകൾക്കുണ്ടൊരു ശ്വാസം
അന്തിയിലവ ദീർഘിപ്പിക്കുന്നു.
അസംതൃപ്തമായ മനസ്സിൽ
ദീർഘനിശ്വാസം അന്തിപകൽ-
വേർതിരിവറിയുന്നില്ല...

കാലമതൊരു പാതാളം
പിടഞ്ഞുപിടഞ്ഞു തീരാറായ്
നീർപോളകൾക്കുണ്ടൊരു പുനർജീവൻ
വീണ്ടും പുതുപുതു സ്വപ്നങ്ങൾ.
മനുഷ്യമനസ്സിൽ തേങ്ങൽ എവിടേയും
കളഞ്ഞു പോവാൻ പാടില്ല
കിളിർക്കും മനസ്സിനേൽക്കും
കരിനിഴൽ എവിടേയും
വെള്ള വർണ്ണം പൂശിയില്ല.

സ്വതന്ത്രയാകും എന്നെന്നേക്കും
തൂവെൺ വസ്ത്രം മൂടുമ്പോൾ...
കലാലയം ഇന്നൊരു ദുഃസ്വപ്നം
ചിതലരിച്ച മോഹങ്ങൾ കുന്നോളം

അശ്രുവിൻ കിളിർത്ത് നിറയുമ്പോൾ
ചിതലുകൾ കാർന്നു ഭുജിക്കുന്നു.
പല കീടങ്ങൾക്കും പുതുജീവൻ
ചിതലതിൽ ഓടി നടക്കുന്നു.
ആശുപത്രിയെ മൃതുവിലമർന്നു
കീടങ്ങൾ പന്തലിച്ചു കര പറ്റി
പിന്നെ അശ്രു കനിഞ്ഞില്ല
അനുഭവങ്ങൾ തൻ ഗുണപാഠം
നിഴലിനെ ചേർത്തുപിടിക്കുകിൽ നാം
എന്നും എപ്പോഴും തുണയായ്
നിഴൽ മാത്രം അരികിൽ
ബാഹ്യമോടികൾ കീടങ്ങൾ തൻ അന്നം.



**Nesli Jasmin**
Ist Year, B.Com - A



# LIFE, As A Journey

**Rahman K. Babu**
Ist Year B.Com - B

In life you have to keep moving forward or you will never be happy with what you have. You can enjoy it for a while but soon you will have to stride forward so you can feel fulfilled. There are a couple of ways you have to take and do, to keep moving in life

The first step is don't worry about what people say. If you believe in yourself and you believe you can do it, just go for it. Don't worry what people say, they are just truing to hold you down, wherever they say didn't matter because they don't live your life. You need to believe in yourself and reach your goals.

The second step is, if it in the past leave it there. if you are worried about something that happened in the past, you need to step back and think as it was that big of a deal or did you blow it out of proportion. It is in the past you need to leave it there. you can't change your past but can surely change your future and that will definitely erase all you worries and mistakes.

The final step is to set goals for you and do whatever you have to do to reach them. If you do not set goals for yourself, you will be stuck and will not make any progression. You need to constantly set goals and if you reach one set another and raise the bar, challenge yourself and most importantly belive in yourself.

There is only one life, so just don't make it worthless. Explore it and enjoy your life with happiness.



# ആരാണ് മുഹമ്മദ് നബി (സ്വ)

ഇസ്‌ലാംമത പ്രവാചകൻ മുഹമ്മദ് നബി (സ്വ) തങ്ങളുടെ ജീവിതത്തിലെ ഒരു ചെറിയ ഭാഗത്തെയാണ് നിങ്ങൾക്കുമുന്നിൽ അവതരിപ്പിക്കുന്നത്.

വർഗീയതയും ഭീകരവാദവും പ്രചരിപ്പിക്കുന്ന മുസ്‌ലിം നാമധാരികളും ഇസ്‌ലാമിനെക്കുറിച്ചും മുഹമ്മദ് നബിയെക്കുറിച്ചും തെറ്റിദ്ധരിച്ച സഹോദരങ്ങളും ഈ ലഘുലേഖനം ശ്രദ്ധയോടെ വായിക്കുക.

ഗ്രീക്ക് റോമൻ ഇതിഹാസങ്ങളിലെ കഥയല്ല മുഹമ്മദിന്റെ ജീവിതം. AD -571 ൽ ജനിച്ച് 635 ൽ മരിച്ച, ആധുനികകാലത്തെ മനുഷ്യൻ നൂറ്റാണ്ടുകൾ കൊണ്ട് ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ഒരു മനുഷ്യായുസ്സിനുള്ളിൽ ചെയ്തു തീർത്തു - മഹാനായ പ്രവാചകൻ. അതും പശ്ചാത്യരുടെ വാക്കിൽ പറയുകയാണെങ്കിൽ സ്ഥിരമായി ഒരു സേനയില്ലാതെ അംഗരക്ഷകരില്ലാതെ രാജകൊട്ടാരമില്ലാതെ സ്ഥായിയായി ഒരു വരുമാനംപോലുമില്ലാതെ ഒരു മാതൃകാ ഭരണം സ്ഥാപിച്ച് നടപ്പിൽ വരുത്തി എന്നത് ആർക്കെങ്കിലും ആധികാരികമായി പറയാൻ സാധിക്കുമെങ്കിൽ അത് മുഹമ്മദിനു മാത്രമാണ്. ആ മുഹമ്മദ് എന്ന മനുഷ്യനെ ഒന്നു പഠിക്കാൻ ശ്രമിക്കൂ. അനാഥ ബാലനിൽ നിന്നും അറേബ്യയുടെ ഭരണാധികാരിയിലേക്ക് നടന്നു നീങ്ങിയ വഴികൾ പരിശോധിച്ചു നോക്കിയാൽ നിങ്ങൾക്കു മനസ്സിലാകും എന്തായിരുന്നു യഥാർത്ഥ മുഹമ്മദ് എന്ന്- വെളുത്ത സൽമാൻ ഫാസിസിനെയും കറുത്ത ബിലാലിനേയും ഒരേ നിരയിൽ നിർത്തി വർണ്ണവിവേചനം അരുതെന്നു ലോകത്തെ പഠിപ്പിച്ച പ്രവാചകൻ, ഉമ്മയുടെ കാൽച്ചുവട്ടിലാണ് സ്വർഗ്ഗമെന്നു പഠിപ്പിച്ച പ്രവാചകൻ, അയൽവാസി പട്ടിണികിടന്നാൽ വയർ നിറയ്ക്കരുതെന്ന് കൽപ്പിച്ച് അതിൽ ജാതി (മതം) നോക്കരുതെന്നു പഠിപ്പിച്ച പ്രവാചകൻ, കട്ടത് എന്റെ മകൾ ഫാത്തിമയാണെങ്കിലും കൈകൾ മുറിക്കുകതന്നെ വേണമെന്ന് പറഞ്ഞ നീതിമാൻ, മരിച്ചത് നമ്മുടെ മതത്തിൽപ്പെട്ട കുഞ്ഞുങ്ങളല്ല എന്ന് അനുയായി പറഞ്ഞപ്പോൾ കുഞ്ഞുങ്ങൾക്ക് എന്തു മതമാണ് എന്നു ചോദിച്ച് അനുയായിയെ ശകാരിച്ച പ്രവാചകൻ, മാതാപിതാക്കളോട് 'ച്ഛെ' എന്ന വാക്ക് പോലും പറയരുതെന്ന് പഠിപ്പിച്ച സ്നേഹപ്രവാചകൻ, മരണം മുന്നിൽ കാണുമ്പോഴും 'എന്റെ ജനത' എന്നു ഓർത്തു കരഞ്ഞ പകരമില്ലാത്ത നേതാവ്. ഭർത്താവിനെ ശപിക്കരുതെന്നും ഭാര്യയെ നോട്ടംകൊണ്ടുപോലും വിഷമിപ്പിക്കരുതെന്നും പിതാ



Suhail Rasheed
2nd Year B.Com - B

വിന്റെ വിയർപ്പാണ് കുടുംബത്തിന്റെ നിലനിൽപ്പ് എന്നും ഓർമിപ്പിച്ച മഹാൻ. ശവമഞ്ചം വഹിച്ച് ജനം നടന്നു നീങ്ങുന്നതു കണ്ടപ്പോൾ എഴുന്നേറ്റു നിന്ന പ്രവാചകനോട്- അത് മുസ്ലീമിന്റേതല്ല എന്ന് അനുയായി പറഞ്ഞപ്പോൾ, അത് മനുഷ്യന്റേതാണെന്ന് പറഞ്ഞുകൊടുത്ത് ബഹുമാനിച്ച പ്രവാചകൻ. ഭർത്താവ് മൊഴിചൊല്ലിയതുപോലെ അവനിൽ നിന്ന് നിനക്ക് തൃപ്തികരമായ ജീവിതം ലഭിച്ചില്ലെങ്കിൽ തിരിച്ച് നിനക്കും ഭർത്താവിനെ മൊഴി ചൊല്ലാം എന്നു പഠിപ്പിച്ച് ആണിനും പെണ്ണിനും തുല്യ നീതി ഉറപ്പാക്കിയ നീതിമാൻ. ഒരാളോട് പുഞ്ചിരിച്ചാൽ അത് ധനമാണെന്നും, നിനക്ക് നിന്റെ മതം, അവർക്ക് അവരുടെ മതം, മറ്റു മതങ്ങളെ പരിഹസിക്കരുതെന്നും പഠിപ്പിച്ച പ്രവാചകൻ. സ്ത്രീ എന്നാൽ ബഹുമാനിക്കപ്പെടേണ്ടവളും അംഗീകരിക്കപ്പെടേണ്ടവളുമാണെന്ന് ആദ്യമേ പഠിപ്പിച്ച പ്രവാചകൻ, വഴി തടസ്സപ്പെടുത്തി ഒരു മുള്ള് കണ്ടാൽപ്പോലും ആ തടസ്സം നീക്കാതെ മുന്നോട്ട് പോകരുതെന്ന് പഠിപ്പിച്ച പ്രവാചകൻ, ഏറ്റവും ചിലവുകുറഞ്ഞ വിവാഹമാണ് ഏറ്റവും മഹത്വമേറിയതെന്നു പഠിപ്പിച്ച പ്രവാചകൻ, അറിവ് വിശ്വാസിയുടെ സമ്പത്താണ് അത് എവിടെ കണ്ടാലും പെറുക്കിയെടുക്കണമെന്ന് ഓർമ്മിപ്പിച്ച പ്രവാചകൻ, പെണ്ണിന്റെ സുരക്ഷിതത്വമാണ് സമൂഹത്തിന്റെ നിലനിൽപ്പ് എന്നും - പെൺമക്കളുള്ള കുടുംബമാണ് ഉത്തമ കുടുംബമെന്നു പഠിപ്പിച്ച പ്രവാചകൻ, അനാഥ കുട്ടികളുടെ മുന്നിൽ സ്വന്തം കുട്ടികളെ ലാളിക്കരുതെന്നു പഠിപ്പിച്ച കാരുണ്യ പ്രവാചകന്റെ എത്ര പറഞ്ഞാലും പൂർണ്ണമാകാത്ത വാക്കുകൾ, എത്ര എഴുതിയാലും അവസാനിക്കാത്ത വരികൾ - നിങ്ങളും ഇന്നു മുതൽ പഠിക്കൂ ആ മഹാനായ മനുഷ്യനെക്കുറിച്ച് ഇസ്ലാംമതത്തിന്റെ അന്തഃസത്തയറിയാത്ത മുസ്ലീം നാമധാരികളായ ഭീകരവാദികളുടെ തടവറയിൽ നിന്നും മോചിപ്പിക്കുവിൻ ഈ മനുഷ്യസ്നേഹിയായ മുഹമ്മദിനെ നിങ്ങൾ അറിയുക. നിങ്ങൾക്ക് നിങ്ങളുടെ സമുദായ സമൂഹത്തിൽ സുഹൃത്തിന് നൽകാവുന്ന ഏറ്റവും വലിയ സമ്മാനമാണ് മുഹമ്മദ് നബിയുടെ ചരിത്രവും ഖുർആൻ പ്രഭാഷണവും.

# ഒരു വൃക്ഷത്തിൻ രോദനം

അഞ്ജനമാം വർണ്ണനം നിന്നുടൽ
വിടർന്ന പുഞ്ചിരിക്കനുകൂലമാ -
മഞ്ജനമെഴുതിയ നിന്മിഴികളിലെന്തോ?
പരിഭവമോ കോപമോ വിഷാദമോ?
കടഞ്ഞെടുത്തപോലുള്ള നിന്നുടലിനൊ-
ഷമാരേയുമാകർഷിക്കും നിശ്ചലനമിന്നു-
മെന്നിൽ മായാതിലപൊഴിച്ചിരിക്കുന്നതിൽ
കാലത്തിനാവശ്യമാം തരംഗത്തിലിന്നെന്നെ
തഴഞ്ഞു മുൻപോട്ടു കുതിക്കും നീയെന്നെ
വിസ്മരിക്കിലും നിനക്കായിരിക്കുമെന്നുമീ
ഞാനെന്ന ഇല കൊഴിയുമീപടുവൃക്ഷമതിനെ
തൻലാഭത്തിനുന്മൂലനമരുതെന്മർത്ത്യാ.....



**Suresh B**
(English)





# വൃദ്ധസദനത്തിലെ അമ്മ

ഇക്കാലമിത്രയും ചോരനീരാക്കി
അരക്കെട്ടി കവിളൊട്ടി വാർത്തെടുത്തു
നിന്നെ അരക്കെട്ടി കവിളൊട്ടി വാർത്തെടുത്തു.
നിൻവിശപ്പിൻ വികാരങ്ങൾക്കുവേണ്ടി എൻ
പട്ടിണി പള്ളയിൽ കാറ്റാക്കി കാട്ടി–
നിൻ ചിരികണ്ടു എൻ വികാരങ്ങളിൽ ബലിതീർത്തു.

നിൻയൗവ്വനം വാടാതിരിക്കുവാൻ
കണ്ണാടി കാണാത്ത നാളുകൾ കണ്ണീരിലാഴ്ത്തി
നിൻ കണ്ണീരു കാണാതിരിക്കുവാൻ
യൗവ്വനം വാർധക്യമാക്കി
എൻ യൗവ്വനം വാർധക്യമാക്കി.

നിൻ ഇടറുന്ന കാൽ ചുവടുകൾക്കിടയിലെ
ഊന്നു വടിയായി ഞാൻ മാറി....
നിൻ ഇടറാത്ത കാൽ ചുവടുകൾ കാണുവാൻ
ഊന്നുവടിയായി ഞാൻ മാറി.



**Muhammed Musthafa K.H.**
Final Year B.Com

കാലമേ നീ എന്നെ വാർധക്യമാക്കി എൻ
കോലവും നീ കൊണ്ടുപോയി
കാണാൻ കൊതിക്കുന്ന യൗവ്വന മേനിയും
കാലമേ നീ കൊണ്ടുപോയി.

എന്തേ പുത്രാ.... നീ കൊണ്ടുപോയീ
വൃദ്ധസദനത്തിനുള്ളിലായ്....
ആയിരുന്നില്ലയോ ഇക്കാലമിത്രയും
നിൻ ഊന്നുവടിയായി എന്റെ യൗവ്വനം
വൃദ്ധസദനത്തിനുള്ളിലെ നാലഴി ജനലിന്റെ
നേരിയ വെട്ടത്തിലിപ്പഴും പുത്രാ...
കാക്കുന്നു ഞാൻ.... നിന്നെ തേടുന്നു ഞാൻ....
ഇക്കാലമിത്രയും ചോര നീരാക്കി
അരക്കെട്ടി കവിളൊട്ടി വാർത്തെടുത്തു
നിന്നെ അരകെട്ടി കവിളൊട്ടി വാർത്തെടുത്തു.

നിൻ വിശപ്പിൻ വികാരങ്ങൾക്കു വേണ്ടി എൻ
പട്ടിണി പള്ളയിൽ കാറ്റാക്കികാട്ടി–
നിൻ ചിരികണ്ടു എൻ വികാരങ്ങളിൽ ബലിതീർത്തു.

# ഓർമ്മകളെ തനിച്ചാക്കി ഞാനും



**Shahla M.H.**
IInd Year B.Com - B

എന്റെ ഓർമ്മകൾക്ക് മരണമില്ല.
അത് എന്നിൽ ശാന്തമായി ഒഴുകുന്നു.
കൗതുകം നൽകുന്ന ബാല്യകാലത്തിൽ
ഞാൻ വലുതാകാൻ ആഗ്രഹിച്ചു.

പക്ഷേ, വലുതായപ്പോൾ ബാല്യകാലം
തിരിച്ചുകിട്ടാത്ത ആഴത്തിൽ പതിഞ്ഞ ഓർമ്മയായി.
ഓർമ്മകളുടെ കൂടാരം സമ്മാനിച്ച
എന്റെ രക്ഷിതാക്കളും സുഹൃത്തുക്കളും
തിരക്കുകൾക്കിടയിൽ ചിന്തിക്കാൻ
പഠിപ്പിച്ച മരണം.

സ്വന്തബന്ധങ്ങളെ തനിച്ചാക്കി യാത്രചോദിക്കാതെ
പരിഭവങ്ങൾ പറഞ്ഞുതീർക്കാതെ തനിയെ
കീഴടങ്ങുന്ന ദിവസം.

സന്തോഷവും സങ്കടവും നിറഞ്ഞ
ഓർമ്മകൾ സമ്മാനിച്ച ജീവിതം
എന്റെ ഓർമ്മകളെ തനിച്ചാക്കി ഞാനും
ഒരോർമ്മയായി മാറുന്ന ദിവസം
എന്നെ മനസ്സിലാക്കിയവരും
മനസ്സിലാക്കാതെ പോയവരും
എനിക്ക് വേണ്ടി കണ്ണീർപൊഴിക്കുന്ന ദിവസം.
പക്ഷേ, എന്നെ ഓർക്കുന്നവരുടെ
മനസ്സിൽ ഞാനെന്നും ജീവിക്കും,
നിറമുള്ള ഓർമ്മകളായ്....





# സിറിയ:
# ഈ കുരുന്നുകൾ എന്തുപിഴച്ചു?

സിറിയയിലെ ആഭ്യന്തരയുദ്ധത്തിൽ ലക്ഷക്കണക്കിന് കുരുന്നുകൾ അനുഭവിക്കുന്ന ദുരിതത്തിന്റെ ഭീകരത ഇന്ന് ലോകത്തിന് മുന്നിൽ നിലയ്ക്കാത്ത നിലവിളികളായ് വന്നുകൊണ്ടിരിക്കുകയാണ്.

2011 മാർച്ചിൽ ആഭ്യന്തര യുദ്ധം തുടങ്ങുന്നതിന് മുൻപ് സിറിയ ഒരു മധ്യവർഗ്ഗ രാജ്യമായിരുന്നു. സിറിയയിൽ തുടർന്നുകൊണ്ടിരിക്കുന്ന പ്രതിസന്ധിയിൽ 2016 ലെ സിറിയൻ സെന്റർ ഫോർ പോളിസി റിസർച്ച് കണക്ക് പ്രകാരം 12,000 കുട്ടികളടക്കം 2.6 ദശലക്ഷം പേർ മരിച്ചതായി രേഖപ്പെടുത്തുന്നു. UNICEF ന്റെ കണക്കുപ്രകാരം 8.4 മില്ല്യൺ കുട്ടികൾ സിറിയൻ പ്രതിസന്ധിയും അഭയാർത്ഥി പ്രശ്നവും ബാധിച്ചതായി പറയുന്നു.

സിറിയൻ പ്രസിഡന്റ് ബാഷർ അൽ ആസാദിന്റെ സേനയും റഷ്യയും ചേർന്ന് വിമതർക്കെതിരെ നടത്തുന്ന യുദ്ധത്തിന്റെ കൊടിയ ദുരിതം അനുഭവിക്കുന്നത് കുട്ടികളാണ്. യുദ്ധം കനത്തിരിക്കുന്ന കിഴക്കൻ ഗൗത്ത (Ghouta) കുട്ടികളെ സംബന്ധിച്ച് ഭൂമിയിലെ നരകമായിരിക്കയാണെന്നും UN ന്റെ കുട്ടികൾക്കായുള്ള വിഭാഗമായ UNICEF വ്യക്തമാക്കുന്നു. 4 ലക്ഷത്തോളം പേർ അധിവസിക്കുന്ന കിഴക്കൻ ഗൗത്തയിൽ ഭക്ഷണമോ മരുന്നോ എത്തിക്കാൻ കഴിയുന്നില്ല. യുദ്ധം പലപ്പോഴും കുട്ടികളെ ബോധപൂർവ്വമായി ലക്ഷ്യം വെക്കുന്നു. അല്ലെങ്കിൽ അവർ വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ല എന്നുവേണം പറയാൻ. ഈ സംഘർഷം സിറിയൻ കുട്ടികളുടെ ജീവിതത്തെ വലിയ തോതിൽ ബാധിച്ചിരിക്കുന്നു. ഓരോ ദിവസവും ആരോഗ്യം, വിദ്യാഭ്യാസം, സംരക്ഷണം തുടങ്ങിയ മേഖലകളിൽ കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നുണ്ട്.



**Muhammed Firdous O.O.**
Final Year B.Com

2011 ലാണ് സിറിയയിൽ ആഭ്യന്തര യുദ്ധം രൂക്ഷമാകുന്നത്. ബാദ് പാർട്ടിയുടെ നേതൃത്വത്തിലുള്ള സിറിയൻ സർക്കാരും സർക്കാരിനെ അട്ടിമറിക്കാൻ ശ്രമം നടത്തുന്ന വിമത സൈന്യവും തമ്മിലുള്ള യുദ്ധമാണ് സിറിയൻ ആഭ്യന്തര യുദ്ധം. 2011 മാർച്ച് 15 മുതൽ ആരംഭിച്ച ആഭ്യന്തര യുദ്ധം ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുകയാണ്. യൂറോപ്യൻ യൂണിയനും അമേരിക്കയും പരസ്യമായി വിമത സൈന്യത്തെ പിൻതുണയ്ക്കുന്നു. തുടക്കത്തിൽ പ്രസിഡന്റ് ബാഷർ

അൽ ആസാദിന് എതിരെയുള്ള പ്രക്ഷോപം സമാനപരമായിരുന്നെങ്കിലും സർക്കാർ അടിച്ചമർത്താൻ തുടങ്ങിയതോടെ സ്ഥിതി അക്രമാസക്തമായി. ഐക്യരാഷ്ട്രസഭയുടെ 2013 ഏപ്രിൽ വരെയുള്ള കണക്കുപ്രകാരം ഏകദേശം 70,000 പേർ കൊല്ലപ്പെടുകയും 35 ലക്ഷം പേർ അഭയാർത്ഥികളാകുകയും ചെയ്തു. 1964 ൽ വിപ്ലവത്തിലൂടെ അധികാരത്തിൽ വന്നതാണ്. അറബ് സോഷ്യലിസ്റ്റ് ബാദ് പാർട്ടി. സിറിയ 1966 ൽ വീണ്ടും അട്ടിമറിയിലൂടെ അധികാരം മാറുകയുണ്ടായി. 1970 ൽ ഇപ്പോഴത്തെ പ്രസിഡന്റ് ബാഷർ അൽ ആസാദിന്റെ പിതാവും പ്രതിരോധ മന്ത്രിയുമായിരുന്ന ഫാസിഫ് അൽ അസദ് അധികാരം പിടിച്ചെടുത്ത് പ്രധാന മന്ത്രിയായി. 1971 മാർച്ചിൽ പ്രസിഡന്റായി സ്വയം പ്രഖ്യാപിച്ച് മരണം വരെ ആ പദവി തുടർന്നു. ഹാസിഫിന്റെ കാലം മുതലേ ജനങ്ങൾക്ക് സ്വാതന്ത്ര്യം കുറവായിരുന്നു. 2000 ജൂൺ 10 ന് ഹാസിഫിന്റെ മരണാനന്തരം മകൻ ബാഷർ അൽ അസാദ് പിൻഗാമിയായി അധികാരത്തിലേറി.

മുൻപ് പലപ്പോഴായി ഉണ്ടായിട്ടുള്ള ആഭ്യന്തര യുദ്ധത്തിൽ ഒട്ടേറെ പേരാണ് സിറിയ വിട്ട് രക്ഷപ്പെട്ടത്. 58 ലക്ഷത്തോളം പേർ ഇത്തരത്തിൽ പാലായനം ചെയ്യപ്പെട്ടു. എന്നാൽ ഇവരിൽ പകുതിയിലേറെ പേരും കുട്ടികളാണെന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. കുടുംബങ്ങളുമായി വേർപിരിയേണ്ടിവന്ന കുട്ടികൾക്കാണ് ഈ അവസരത്തിൽ ഏറ്റവും വലിയ കെടുതി അനുഭവിക്കേണ്ടിവരുന്നത്.

2018 ഫെബ്രുവരി 18നാണ് സിറിയൻ പ്രസിഡന്റ് ബാഷർ അൽ അസദിന്റെ സൈന്യം റഷ്യൻ പിന്തുണയോടെ വിമതർക്കെതിരെ അക്രമണം ശക്തമാക്കിയത്. കിഴക്കൻ ഗൗത്തയുടെ അയൽ പ്രദേശമായ ദമാസ്കസിലേക്ക് വിമതർ ഷെല്ലാക്രമണം നടത്തുന്നത് തടയാനായിരുന്നു നീക്കം. ഇത് പിന്നീട് കനത്ത അക്രമത്തിലേക്ക് തിരിയുകയായിരുന്നു. ഇതിനോടകം ആയിരകണക്കിന് സാധാരണക്കാർ കൊല്ലപ്പെട്ടു കഴിഞ്ഞു. കുട്ടികളുടെ മൃതദേഹങ്ങൾ നിരനിരയായി കിടക്കുന്ന ചിത്രങ്ങൾ ആരുടേയും കരൾ അലിയിക്കുന്നതാണ്.

എൺപത് ദിവസത്തെ വെടിനിർത്തലിന് UN സുരക്ഷാ കൗൺസിൽ ആവശ്യപ്പെട്ടെങ്കിലും സിറിയ സമ്മതിച്ചില്ല. വെടിനിർത്തൽ കരാർ വിമതർക്ക് ബാധകമല്ലെന്നും അവരെ ഭീകരരായി കാണാനാണ് ആക്രമണം നടത്തുന്നതെന്നും സിറിയ വ്യക്തമാക്കി. അതേ സമയം രാജാന്തരതലത്തിൽപോലും കിഴക്കൻ ഗൗത്തയിലെ ജനങ്ങൾക്ക് വേണ്ടി ശബ്ദമുയരാത്തത് UN നെ അലോസരപ്പെടുത്തുന്നുണ്ട്. ഈ കാര്യത്തിൽ UN ന് കീഴിലെ രാഷ്ട്രങ്ങളെ കനത്ത ഭാഷയിൽ സംഘടന വിമർശിക്കുകയും ചെയ്തിരുന്നു. ആഭ്യന്തരയുദ്ധം മൂലം സാമ്പത്തികമായും സാംസ്കാരികപരമായും സിറിയ നശിച്ച് കൊണ്ടിരിക്കുകയാണ്. മനുഷ്യജീവന് യാതൊരു വിലയും കല്പിക്കാതെ, മാതാപിതാക്കളേയും സഹോദരങ്ങളേയും നഷ്ടപ്പെട്ട കുരുന്നുകളുടെ കണ്ണീരിൽ കുതിർന്ന സങ്കടങ്ങൾക്ക് എന്നാണ് ഒരു അവസാനമുണ്ടാവുക?





**Nesrin Suhana**
Final Year B.Com

# എഴുതാൻ കൊതിക്കുന്ന ഹൃദയം

മഴ കാത്ത വേഴാമ്പലിനെപ്പോൽ
ഈ ജന്മാന്തരത്തിൽ
എത്രപുലരികൾ കാത്തിരിക്കണം
ഇനിയൊരു വസന്തത്തിനായ്
ഞാൻ ഇന്നറിയുന്നു നിൻ മനസ്സിനെ
നിൻ വരികളിൽ ഒളിഞ്ഞിരിക്കും
വാക്യങ്ങളെന്നോടു പറയുന്നു
തളരും മനസ്സിൻ നൊമ്പരത്തെ
വാക്കുകൾക്കുള്ളിൽ
മറഞ്ഞിരിക്കും അർത്ഥങ്ങളെല്ലോ
വരികൾ തൻ സൗന്ദര്യം....



# തൂവെള്ളത്താളുകൾ

കൂരാകൂരിരുട്ടിൽ അവ്യക്തമാം
വിധം കേട്ടു ഒരായിരം തേങ്ങൽ
ലോകത്തോടു പറയാൻ കൊതിക്കുന്ന
ഒരായിരം വാക്കുകൾ തൻ നിലക്കാത്ത
തേങ്ങൽ.........

യോദ്ധാവായ് പടവെട്ടിയ തൂലികയും
യുദ്ധക്കളമായി മാറിയ തൂവെള്ളത്താളുകളും
ഇന്ന് ഏകരായി ആ മുറിക്കുള്ളിൽ
തേങ്ങി.... അവളുടെ ആത്മശാന്തിക്കായ്

അവളുടെ ചിന്തയും വാക്കും
കൂരിരുട്ടിൽ മനമുരുകി
ധീരനായ യോദ്ധാവിൻ
ജന്മത്തിനായ്, അവൻ
ശൂര്യത്തിൽ ശാന്തമാം
ലോകത്തിനായ്

നാളെയുടെ നന്മക്കായ്
ലോകത്തിന്റെ ശാന്തിക്കായ്
ഒന്നല്ല ഒരായിരം ധീരന്മാർ
ജനിക്കണം പൊരുതണം
വീറോടെ............




**Muhsina K M**
IInd Year B.Com - B

# ജീവിതം

അകലേക്കകലേക്കു നീങ്ങി മുന്നിൽ
ശൂന്യമാം പാതകളെത്ര മാത്രം
എന്തിനെന്നറിയാത്ത ജീവിതവും
ആർക്കെന്നറിയാത്ത സ്വപ്നങ്ങളും
സാന്ത്വനിപ്പിക്കാനായൊരു വെൺ കിരണവും
ഇന്നെൻ മുന്നിലിതാ വന്നു ചേർന്നു
ഇരുളു നിറഞ്ഞൊരീ ജീവിതപാതയിൽ
നിഴലെങ്കിലുമെൻ കൂട്ടിനുണ്ടോ?
ഒരിറ്റു ജലം തന്നെൻ ദാഹം തീർക്കാൻ
താങ്ങായ് തണലായ്
മരുഭൂവിൽപ്പെട്ടോരെൻ
ജീവിതം പച്ച പിടിപ്പിക്കുവാനൊരു
പുൽക്കൊടി പോലും ശേഷിപ്പില്ലിന്നെനിക്കായ്

**Athira M.A.**
IInd Year B.Com -B



# അമ്മതൻ ദൈന്യം

സ്നേഹ സന്ദേശവും സ്നേഹവാത്സല്യവും ഒരുമിച്ചു തന്നു നീ
തന്റെ വേദനയിൽ പങ്കാളിയായി സ്വന്തം-
സന്തോഷം തനിക്കായ് വിട്ട് തന്നു
ഞങ്ങളെ സ്നേഹിക്കയല്ലേ നീ
അമ്മതൻ സൗന്ദര്യം നശിപ്പിക്കുന്ന മനുഷ്യനിൽ
അമ്മതൻ ദൈന്യം ഉറങ്ങുന്നു
ഹേ മനുഷ്യാ! ഞാനൊന്നു ചോദിക്കട്ടെ
നിന്നെ സ്നേഹിക്കുന്ന നിന്റെ അമ്മയെ എന്തിനു ദ്രോഹിക്കുന്നു നീ?
നന്മയും സൽഗുണ സമ്പന്നതയും ചേർന്ന അമ്മയെ
നശിപ്പിക്കുന്നത് എന്തിന് നീ?
അമ്മതൻ മടിയിലെ സുഖവും അമ്മയുടെ സ്വന്തം
മക്കളെയുമാണ് നീ നശിപ്പിക്കുന്നത്.
നീ കാരണം അമ്മതൻ ദൈന്യം നിത്യം തോറും വർദ്ധിക്കുന്നു
ഉണരുമ്പോൾ കണികാണുന്ന മുഖം കണ്ണടക്കുമ്പോൾ അമ്മതൻ
മുഖവും ഒരിക്കലും മറക്കില്ല ഞാൻ
നിന്റെ ഉന്മാദം കൊണ്ട് നശിക്കുന്നത് മറ്റാരുമല്ല, നമ്മുടെ അമ്മയും
അതിനടിയിലെ മനുഷ്യജീവിതവുമാണ്.
അതൊരിക്കലും മറക്കരുതേ ഇന്ന് ഈ നിമിഷം
അമ്മതൻ ദൈന്യം വർദ്ധിക്കുന്നു.
പ്രകൃതീ............. അമ്മേ ഞങ്ങളെ വിട്ടുപോകരുതേ



**Safvanath P.K.**
IInd Year B.Com - A



ലോകത്തെ മാറ്റാൻ
എല്ലാവരും ചിന്തിക്കുന്നു
സ്വയം മാറാൻ
ആരും ആലോചിക്കുന്നുമില്ല

*- ലിയോ ടോൾസ്റ്റോയ്*





നീതിയല്ല,
തൊട്ടാൽ ഭയക്കുന്ന
നിയമങ്ങളാണ്
വരേണ്ടത്!




**ഓരോ മനുഷ്യന്റെയുള്ളിലും**
**ഭയമുണ്ട്**
**അതിനെ ഉണർത്തുന്നവർക്ക്**
**അവനെ എന്നും**
**കീഴ്പ്പെടുത്തിവെയ്ക്കാം!**

# Reports & Activities



# *From the desk of* PRINCIPAL

M.T.M. College of Arts, Science & Commerce, Pazhanji P.O. Veliyancode, Ponnani is a newly affiliated college under University of Calicut started in the year 2014. This college has been established by M.T. Mammad Haji Educational and Charitable Trust headed by Dr. Abdul Azeez as the Chairman and Prof. Havahumma as the Secretary and Manager.

The promoters of this college have the vision and mission of establishing an institution of higher learning that will provide higher education opportunities for the educationally under-developed southern coastal area of Malappuram district.

The College has started functioning in August 2014 after the centralized admission procedure. So only thirty three students were enrolled for the three B.Com batches: namely B.com-Finance. B.Computer Applications and B.com Co-operation. Our first batch appeared in the final semester examination in the year 2017. Four students have passed with first class and six students with Second class and remaining students have passed the sixth semester papers. During this

academic year we are expecting a better result. For next year on wards the Calicut University has sanctioned to start the following course: BBA, B.Sc (Computer Science) and BA (English Language and Literature)

For the benefit of students we have constituted the following clubs under the supervision of respective teachers.

1. Entrepreneurship Development (ED) Club - Mr. Vineeth T.P. (HOD Commerce)

2. Nature Club - Mr. Suharabeevi K. (Asst. Prof, Commerce)

3. Film Club - Mr. Suresh (Asst. Prof. English)

4. Literary Club - Mr. Jineesh Kumar (Asst. Prof. English) & Harismitha (Asst. Prof. Malayalam)

During this academic year our college team acquired fourth position in the B. Zone Kabaddi competitions. This was our second time achievement. Also our volley Ball team entered in the quarter final. Our football team participated in the B.Zone tournament. I congratulate our students and teachers for these achievements. Especially sports Co.ordinator Mr. Asik N.P. (Asst. Professor, Commerce)

We have a Student's Grievance Cell in our college to solve students related problems. Mr. Vineeth T.P. (HOD Commerce) is the co-ordinator of this cell. In the coming year we are planning to provide other student development programmes such as: career training programmes, training for competitive examination etc.. I hope such programmes could be implemented and proceeded successfully with the whole hearted co-operation of our staff members and students. I extend my sincere thanks and gratitude towards the staff members of this institution for their sincere service.

As a last word, I extend my appreciations for the work done by the staff editor and college union members especially the chairman Mr. Firdous student editor Mr. Irshad for making this magazine a reality.

# Dept of Commerce

The Department of Commerce had a very effective academic year. Several academic and social feats were accomplished. Students of the department participated in various art, sports and cultural activities and bagged prizes.

A seminar on International Financial Reporting standards (IFRS) was conducted under the leadership of Prof. Musthafa. HOD of Commerce Department, PSMO College, Tirurangadi for final year students. Students participated and won prizes in Management meets and Quiz competitions conducted by several colleges functioning under the University of Calicut.

It was first ever conducted an Inter - School Meet ‘GLORIO-2017 on 25th January 2017 in the history of MTM College. The program was very successful one in every aspects and it was conducted with the collective effort of management, teachers and students.

Motivation and awareness classes were also conducted in collaboration with Accountants Academy - Edappal. SAP Solutions - Changaramkulam and Lakshya -Thrissur.

Several programmes were also conducted under ED Club to encourage the managerial skill of students. Our college Kabaddi team (Led by Mr. Muhammad Firdous) retained fourth position in the B-Zone Kabaddi championship. Mr.Vishnu Dinesh was elected as the Best Student of 2014-17 batch and Mrs. Dilsha K. and Shareefa K. Jointly elected as the Best Students of 2015 -18 batch. Our department faculty Mr. Asik N.P. represented Kerala in the Disabled Cricket League held at Hyderabad on April, 2017. The final year students of batch 2014 - 17 conducted three day trip to Kudak, Mysore and Ooty and Second year students of batch 2015 -18 conducted one day trip to Waynad.



**VINEETH T. P.**
HOD, Dept. of Commerce

# Entrepreneurship Development Club

ED Club was started in the year 2016 with the objective of creating an entrepreneurial culture among the students in the college. The ED club trains students in entrepreneurship skill development through various activities. It started functioning with members of 40 students.

The club was inaugurated on 2nd November 2016 by Prof. N Abdul Hameed, Principal, MTM College. Club conducted several entrepreneurial programmes during the academic year 2016-17 includes BIZ-QUIZ-2016, Treasure Hunt and a Business Talk on “ The impact of Demonetization”. The entire programmes had a mass attendance of students and teaching faculties. During 2017-18 ED Club masterminds Santiago-2017, a Treasure Hunt programme and Caplogs -2017, a Logo Quiz in order to boost up the gumptions of students in the field of business and entrepreneurship.

Our members participated in various Management Meets held under different Universities in Kerala, Includes I -Lead - 2017 & 2018 (Lead College, Palakkad), VOKAZA (MES, Mampad), ASCEND-2K16 and ASCEND-2K17 (DCMS, University of Calicut), MESTECH (MES Engineering College, Kuttipuram), GESTAO-2K17 (Ansar Women’s College Perumpilavu), ELEGANZA-2017 (ELIJAH Institute of Management Studies, Thrissur), REVALOYSIUS- 3.0, 2017 (St. Aloysius Elthuruth), BLUE OCEAN-2017 (All India Management Meet, Kerala Agricultural University, Thrissur), ELIXIR 2017 ( Management Meet, School of Management Studies, University of Calicut, Dhoni, Palakkad), KARMIN-2017 (Management Fest, St Mary’s College, Thrissur), LUMINANCE-2017 (DC School of Management & Technology, Vagamon under MG University) and IGNITIA - 2018 (Ansar Women’s College Perumpilavu).

ED Club members also co-operated and conducted several cultural and Bussiness programmes in connection with ‘GLORIO 2K17’- an inter school meet for higher secondary students organized jointly by management, Teaching staff and students of MTM College on 23 rd January 2017.




***Staff Co-ordinators: Vineeth TP, Haris VK***

***Secretary: Vishnu TV (Final year B.Com)***

# Literary Club

Literary Club of MTM College was formed on Aug 12th 2016, aiming at enhancing the literary taste of the students, under the supervision of Mr. Jineesh Kumar (English) & Mrs. Harismitha P.L. (Malayalam). It was very remarkable that the entire programmes reached the peak by the active participation of students. Diversity could be felt through the item like Quiz competition and essay writing in connection with 71st Independence day celebration and Kerala Quiz, Spot magazine, Essay Writing, Elocution and reading competition on October 31st and November 1st on account of Kerala Piravi. As a tribute to the great Malayalam poet and lyricist Sri Vayalar Ramavarma, the club has conducted film song / poem competition on his death anniversary. It was noticeable that the club was able to enkindle what was happen in the mind of students to a great extent.



**Jineesh Kumar.K**
(English)



**Harismitha P.L.**
(Malayalam)



**Aswathi P.**
Student Co-ordinator
(Final B.Com)



# Nature Club

MTM College Nature Club was established on 1st June 2017 with the objective of developing an eco-system in the campus and to inculcate love in the mind of college youth. The club is active in the organic farming program of the college. The club is led by teaching co-ordinators and a group of students for organizing various programs in the campus.

**Convenor** : Suhara Beevi K (Dept. of Commerce) and Jinsiya Aboobacker (Dept. of Commerce)

Student Co-ordinators: Fathima K.V. (Final Year B.Com), Khashia C.V. (Final Year B.Com)

Nature club conducted the following activities during the academic year 2017-18.

- In Connection with World Environment Day Club organized planting saplings like chickoo, mangosteen, rambutan etc. in the campus on 5th & 6th june 2017
- In relation with International day against Anti Drug Abuse and Illicit trafficking, the Club organized an awareness class for students. Students took a pledge on Anti Tobacco Day.
- Club harvested chillies, cucumber, sesame seed, melon etc. in the campus under the supervision of Convenors and Student Co-ordinators. Principal. Teaching Staffs, Non- teaching staffs, Club Volunteers and students participated in the program.



**Suhara Beevi K.**



**Jinsiya Aboobacker**

# ഗ്രാമ
# കോളേജ് യൂണിയൻ
## പ്രവർത്തന റിപ്പോർട്ട്

ആദരണീയനായ പ്രിൻസിപ്പാൾ ശ്രീ. അബ്ദുൾ ഹമീദ് സർ , HOD വിനീത് സർ, യൂണിയൻ അഡ്വൈസർ ആഷിക് സർ, അഭിവന്ദ്യരായ ഗുരുജനങ്ങളെ, യൂണിയൻ ഭാരവാഹികളെ, വിദ്യാർത്ഥി സുഹൃത്തുക്കളെ, ഏവരുടെയും അനുവാദത്തോടെയും അനുഗ്രഹത്തോടെയും 2017 - 18 അദ്ധ്യയനവർഷത്തെ ഗ്രാമ കോളേജ് യൂണിയന്റെ പ്രവർത്തന റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

**തിരഞ്ഞെടുക്കപ്പെട്ട യൂണിയൻ ഭാരവാഹികൾ**

| | |
|---|---|
| ചെയർമാൻ | : മുഹമ്മദ് ഫിർദൗസ് ഒ.ഒ. |
| വൈസ് ചെയർമാൻ | : സംസം കെ.എസ്. |
| ജനറൽ സെക്രട്ടറി | : വിഷ്ണു ടി.വി. |
| ജോയിന്റ് സെക്രട്ടറി | : ശ്രുതി കൃഷ്ണൻ ടി.കെ. |
| യു.യു.സി. | : നിംഷാദ് |
| ഫൈൻ ആർട്ട്സ് സെക്രട്ടറി | : ഷിഹാസ് സിദ്ധിഖ് |
| സ്റ്റുഡന്റ് എഡിറ്റർ | : ഇർഷാദ് കെ. |
| ജനറൽ ക്യാപ്റ്റൻ | : ഹാഷിൽ കെ.എച്ച്. |

**ക്ലാസ്സ് പ്രതിനിധികൾ**

| | |
|---|---|
| ഒന്നാം വർഷം | : സുദേവ് എ.പി. |
| രണ്ടാം വർഷം | : ഖലീൽ കെ.എ. |
| മൂന്നാം വർഷം | : ഹാരിസ് സി. |

കോളേജ് യൂണിയൻ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി ഞങ്ങളോടു സഹകരിച്ച പ്രിൻസിപ്പാൾ, മാനേജ്മെന്റ് പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥി സുഹൃത്തുക്കൾ ഏവർക്കും ഒരായിരം നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

**സത്യപ്രതിജ്ഞ**

ഓഗസ്റ്റ് 14 ന് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ജാതി, മത, കക്ഷി രാഷ്ട്രീയ ഭേദമന്യേ കോളേജിന്റെ സർവ്വോന്മുഖ വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ യൂണിയൻ ഭാരവാഹികൾ തീരുമാനിച്ചു. "സർഗ്ഗാത്മക കലാലയത്തിന്റെ, ജ്വലിക്കുന്ന മുഖമുദ്ര" എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി മതേതര സർഗ്ഗാത്മക ക്യാമ്പസ് പടുത്തുയർത്തുക എന്നതായിരുന്നു യൂണിയന്റെ ലക്ഷ്യം.

**പ്രവർത്തനം**

കോളേജ് യൂണിയൻ ജനറൽ ബോഡി പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ ചേരുകയും യൂണിയൻസ്റ്റാഫ് അഡ്വൈസറായി ആഷിക് സർനേയും മാഗസിൻ സ്റ്റാഫ് എഡിറ്ററായി വിനീത് സർനേയും തിരഞ്ഞെടുത്തു.

**ഗ്രാന്മകോളേജ് യൂണിയൻ 2017 ഉദ്ഘാടനം**

2017 ഒക്ടോബർ 12 ന് ഗ്രാന്മ കോളേജ് യൂണിയന്റെ ഉദ്ഘാടനം പ്രശസ്ത സാഹിത്യകാരി ശ്രീമതി. സാറാ ജോസഫ് നിർവ്വഹിച്ചു. ഉദ്ഘാടന പരിപാടിക്കുശേഷം ഗാനമേള അരങ്ങേറി. നിറഞ്ഞ വിദ്യാർത്ഥി സാന്നിദ്ധ്യം പരിപാടിക്ക് മികവേകി.

**ഓണം**

ഗ്രാന്മ കേളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടി അരങ്ങേറി. വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു.

**സ്പോർട്സ് & ഗെയിംസ് (കായികമേള)**

ഗ്രാന്മ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ 2017-18 അധ്യയന വർഷത്തെ കായികമേള ""Zest-2018'' 2017 ഒക്ടോബർ 26-ാം തിയ്യതി നടന്നു. പ്രിൻസിപ്പൾ ശ്രീ. അബ്ദുൽ ഹമീദ് ഉദ്ഘാടനം നിർവ്വഹിച്ചു. കായികമേള Sports, Games എന്നീ ഇനങ്ങളിലായി രണ്ടു ദിവസമാണ് നടന്നത്. ഗ്രീൻഹൗസ് ഓവർ റോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ആൺകുട്ടികളിൽ ഉമ്മർസഫ്വാനും, പെൺകുട്ടികളിൽ ഫാസിറയും വ്യക്തിഗത ചാമ്പ്യനായി.

**കേരളപ്പിറവി**

2017 നവംബർ 1 ന് ഗ്രാന്മ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ കേരളപ്പിറവി ദിനാഘോഷം കൊണ്ടാടി. കോളേജ് അങ്കണത്തിൽ 'കേരള മാതൃക' ഉണ്ടാക്കിയും കോളേജ് പരിസരം അലങ്കരിച്ചും വേറിട്ട രീതിയിൽ കേരളപ്പിറവി ദിനം ആഘോഷിച്ചു.

**ഷൂട്ട് ഔട്ട്**

യൂണിവേഴ്സിറ്റിയുടെ നിർദ്ദേശപ്രകാരം ISL ന് മുന്നോടിയായി ഷൂട്ട് ഔട്ട് മത്സരം കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 2017 നവംബർ 16 ന് സംഘടിപ്പിച്ചു. രണ്ടാം വർഷ വിദ്യാർത്ഥി മുഹമ്മദ് ഷാഫി വിജയിയായി.

**ഫുട്ബോൾ മാച്ച്- (ഗ്രാന്മ കോളേജ് യൂണിയൻ V/S സ്റ്റാഫ് യൂണിയൻ)**

ഗ്രാന്മ കോളേജ് യൂണിയൻ അംഗങ്ങളും കോളേജ് അദ്ധ്യാപകരും തമ്മിൽ നവംബർ 17 ന് സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. ആവേശകരമായ മത്സരം സമനിലയിൽ കലാശിച്ചു. സ്കോർ 3-3.

**ക്രിസ്തുമസ് & ന്യൂഇയർ ദിനാഘോഷം**

ഗ്രാന്മ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 22 ന് ക്രിസ്തുമസ്-ന്യൂഇയർ ദിനാഘോഷം നടത്തി. ആഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി വിവിധതരം ഗെയിമുകളും ഉണ്ടായിരുന്നു. എല്ലാ വിദ്യാർത്ഥികളും പരിപാടി ആവേശകരമായി ഏറ്റെടുത്തു.

**ആർട്സ് "Beatrix Fest"**

ഗ്രാന്മ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 'Beatrix Arts Fest" സംഘടിപ്പിച്ചു. ജനുവരി 4

മുതൽ 11 വരെ സ്റ്റേജിതര മത്സരങ്ങളും ജനുവരി 23ന് സ്റ്റേജ് പരിപാടികളും നടന്നു. പ്രശസ്ത സിനിമാതാരം ഗായത്രി സുരേഷ് ആർട്സ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന കലാപരിപാടികൾ ആർട്ഫെസ്റ്റിവലിന് മിഴിവേകി.

**ഗ്രൗണ്ട് സമർപ്പണം**

വിദ്യാർത്ഥികൾക്ക് അവരുടെ കായിക മികവിന് വേണ്ടി ഒരു കോളേജ് ഗ്രൗണ്ട് എന്നത് എക്കാലത്തേയും സ്വപ്നമായിരുന്നു. അത് സാക്ഷാൽക്കരിക്കാൻ സാധിച്ചു. ഗ്രാന്മ കോളേജ് യൂണിയനും മാനേജ്മെന്റും ഒരുമിച്ച് ചേർന്ന് നിയമാനുസൃതമായ വഴിയിലൂടെ ഗ്രൗണ്ട് വിദ്യാർത്ഥികൾക്കായി സമർപ്പിച്ചു. 2017 ഡിസംബർ 23 ന് പ്രശസ്ത ടെന്നീസ് താരം ആമിർ സൊഹറാബ് പരിപാടി ഉദ്ഘാടനം നിർവ്വഹിച്ചു. അധ്യാപകരും മാനേജ്മെന്റ് പ്രതിനിധികളും നല്ലവരായ പ്രദേശവാസികളും ചടങ്ങിൽ പങ്കെടുത്തു.

**ബി. സോൺ**

വിവിധ കോളേജുകളിൽ വെച്ച് നടന്ന ബി. സോൺ മത്സരത്തിൽ നമ്മുടെ കലാലയത്തിലെ കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ യൂണിയന് സാധിച്ചു. കബഡി, വോളിബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ, ഫുട്ബോൾ എന്നീ ഇനങ്ങളിൽ കോളേജിന്റെ പങ്കാളിത്തമുണ്ടായി. ഒരുപാട് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ കബഡി മത്സരത്തിൽ മികച്ച വിജയവും ഒപ്പം കഴിഞ്ഞ വർഷത്തെ നാലാം സ്ഥാനവും ഫിർദൗസിന്റെ നേതൃത്വത്തിലുള്ള ടീം നിലനിർത്തി.

**സി.സോൺ**

മഞ്ചേരി NSS കോളേജിൽ വെച്ച് നടന്ന സി.സോൺ ആർട്ട്സ് ഫെസ്റ്റിവെലിൽ വട്ടപ്പാട്ട്, മൈം, മാപ്പിളപ്പാട്ട്, മോഹിനിയാട്ടം, ഭരതനാട്യം എന്നീ ഇനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിച്ചു. ആദ്യമായാണ് എം.ടി.എം. കോളേജിൽ നിന്ന് സി.സോൺ മത്സരങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നത്. അതിന്റെ മുഴുവൻ ക്രെഡിറ്റും ഫിർദൗസിന്റെ നേതൃത്വത്തിലുള്ള ഗ്രാന്മ കോളേജ് യൂണിയന് സ്വന്തം!

**കമ്പ്യൂട്ടർ ലാബ്**

2016 - 2017 SFI കോളേജ് യൂണിറ്റ് സെക്രട്ടറിയുടെ നിരന്തരമായ പരിശ്രമത്തിനൊടുവിൽ കോളേജിൽ അധ്യയന വർഷാരംഭത്തിൽ തന്നെ വിദ്യാർത്ഥികൾക്കായി കമ്പ്യൂട്ടർ ലാബ് തുറന്ന് പ്രവർത്തനമാരംഭിച്ചു.

**ഓഖി പൊതിച്ചോറു വിതരണം**

ഗ്രാൻമ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളിൽ നിന്നും പൊതിച്ചോറു സമാഹരിച്ച് ഓഖി ദുരിതാശ്വാസ ക്യാമ്പിലേക്ക് വിതരണം ചെയ്തു.

**ഫുട്ബോൾ ലീഗ്**

മാർച്ച് 1 ന് കോളേജ് ഗ്രൗണ്ടിൽ ക്ലാസ്തല സെവൻസ് ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. രണ്ടാം വർഷ എ-ബാച്ചും, ബി-ബാച്ചും തമ്മിൽ മാറ്റുരച്ച ഫൈനലിൽ എ-ബാച്ച് 2 ഗോളുകൾക്ക് വിജയിച്ചു. വിജയികൾക്കുള്ള ട്രോഫി യൂണിയൻ ഭാരവാഹികൾ വിതരണം ചെയ്തു. മികച്ച കളിക്കാരനായി 2-ാം വർഷ എ-ബാച്ചിലെ ഹാഷിൽ തിരഞ്ഞെടുക്കപ്പെട്ടു.

**പ്ലാസ്റ്റിക്ക് നിർമാർജ്ജന ക്യാമ്പ്**

ഗ്രാന്മ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22 ന് “പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം: പരിസ്ഥിതി പ്രശ്നങ്ങളും ആഘാതവും” എന്ന വിഷയത്തിൽ പരിസ്ഥിതി പ്രവർത്തകനും വനംവകുപ്പ് ഉദ്യോഗസ്ഥനുമായ ശ്രീ. ബഷീർ സർ കുട്ടികളുമായി സംവദിച്ചു. ലോക ജലദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ജലമലിനീകരണത്തെക്കുറിച്ചുള്ള ക്ലാസ്സും പ്രസ്തുത പരിപാടിയിൽ നടന്നു.

**രക്തനിർണ്ണയ ക്യാംമ്പ്**

ഗ്രാന്മ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ തൃശൂർ ദയ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ മാർച്ച് 22 ന് വിദ്യാർത്ഥികൾക്കായി രക്ത നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

**ഫിലിംഫെസ്റ്റ് “ABHRAM - 2018''**

ഗ്രാന്മ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ മാർച്ച് 23 ന് MES കോളേജ് അദ്ധ്യാപകനും പ്രശസ്ത സിനിമാ നിരൂപകനുമായ ശ്രീ. സഫറാസ് അലി ‘അഭ്രം 2K18' Film Fest ഉദ്ഘാടനം നിർവഹിച്ച് വിദ്യാർത്ഥികളുമായി സംസാരിച്ചു. മേളയുടെ ഭാഗമായി ദേശീയ അന്തർദേശീയ പുരസ്ക്കാരം നേടിയ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. ഷോർട്ട് ഫിലിം ഫെസ്റ്റും സംഘടിപ്പിച്ചു.

**മറ്റു പ്രവർത്തനങ്ങൾ**


2017 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിന പരിപാടിക്ക് നേതൃത്വം നൽകുകയും പെൺകുട്ടികൾക്കായി ഒക്ടോബർ 20ന് ട്രഷർ ഹണ്ട് മത്സരവും ആൺകുട്ടികൾക്കായി ഡിസംബർ 14ന് ഷൂട്ട് ഔട്ട് മത്സരവും സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി ക്യാംപസിനകത്ത് ഇരിപ്പടവും, ഫുട്ബോൾ താരങ്ങൾക്ക് പോസ്റ്റ് സ്ഥാപിക്കുവാനും കബഡി താരങ്ങൾക്ക് കോർട്ട് തയ്യാറാക്കുവാനും ഗ്രാന്മ കോളേജ് യൂണിയന് സാധിച്ചു.

**കോളേജ് ഡേ**

2017 –18 അദ്ധ്യായന വർഷത്തെ "MIRANDUM 2K18' കോളേജ് ഡേ കോളേജിൽ വെച്ച് നടന്നു. പ്രിൻസിപ്പാൾ ശ്രീ. അബ്ദുൽ ഹമീദ് അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്രീ. മാധവ് രാമദാസൻ കോളേജ് ഡേ ഉദ്ഘാടനം നിർവ്വഹിച്ചു ചടങ്ങിൽ കോളേജ് മാഗസിന്റെ പേര് പ്രകാശനം ചെയ്തു. തുടർന്ന് കുട്ടികളുടെ വിവിധതരം കലാപരിപാടികളും ഗാനമേളയും അരങ്ങേറി. DJ നൈറ്റോടുകൂടി കോളേജ് ഡേക്ക് സമാപനംകുറിച്ചു. അദ്ധ്യാപകരുടേയും വിദ്യാർത്ഥി കളുടെയും പിന്തുണയോടെ കോളേജ് ഡേ മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ ഗ്രാന്മ കോളേജ് യൂണിയന് സാധിച്ചു.

ജനറൽ സെക്രട്ടറി

വിഷ്ണു ടി.വി.



**വിഷ്ണു ടി.വി.**

ജനറൽ സെക്രട്ടറി

# BEST EVENTS & CATERING SERVICE

ഒരു പതിറ്റാണ്ടിന്റെ സേവനമുദ്ര

**Best Event Catering Service**

ചരിത്രമുറങ്ങുന്ന വെളിയങ്കോടിന്റെ മണ്ണിൽ

സേവനത്തിന്റെ മറ്റൊരു ചരിത്രവുമായി

**Best Event Catering Service**

പവിത്രമായ വിവാഹവേദികളെ ചിട്ടയാർന്ന

പ്രവർത്തനങ്ങളിലൂടെ മംഗളമാക്കുവാൻ

അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരു നാമം

**Best Event Catering Service**

**VELIYANCODE - PAZHANJI & PALAPETTY**

**9846710732, 9946169902**

*fssai No.*: 11317010000887

വളഞ്ഞു വളഞ്ഞ്
വട്ട പൂജ്യമായൊരു
നട്ടെല്ല്


ഉന്മാദത്തിന്റെ
അവസാദമടിഞ്ഞു
ഘനീഭവിച്ചുപോയ
തലച്ചോറ്

ഹൃദയത്തിന്റെ
സി.ടി. സ്കാനിൽ
തെളിഞ്ഞത്
കരയുന്ന കുറേ
പെണ്ണുടലുകളായിരുന്നു

മനുഷ്യത്വം മരിച്ച
ഈ തെരുവിൽ
ഞാനിനിയെന്നെ
തിരഞ്ഞൽപ്പം
നടക്കട്ടെ!

- ***ഹരീഷ് പള്ളപ്രം***






**Hashir**
I Year B.Com - A







*Pencil Drawing by*

**Hashir**

I Year B.Com - A

# യൂണിയൻ ഭാരവാഹികളുടെ ചിത്രങ്ങൾ


Muhammed Firdous O.O
Chairman


Zamzam
Vice Chairman


Vishnu T.V
General Secretary


Sruthkrishnan T.K.
Joint Secretary


Shihas Sidhique
Fine Arts Secretary


Sudev A.P
First Year Representative


Khaleel K.A
Second Year Representative


Haris C
Third Year Representative


Hashil K.H.
General Captain


Irshad K.
Student Editor


Nimshad
UUC

Zamzam K S
IInd Year B.Com (B.Batch)

# UNION MEMBERS



**MUHAMMED FIRDOUS O.O.**
Chairman



**ZAMZAM K. S.**
Vice - Chairman



**VISHNU T.V.**
General Secretary



**SRUTHI KRISHNAN T.K.**
Joint Secretary



**NIMSHAD**
UniversityUnion Councillor



**SHIHAS SIDHIQUE**
Fine Arts Secretary



**IRSHAD K.**
Magazine Editor



**HASHIL K. H.**
General Captain



**HARIS C.**
Final Year
Representative



**KHALEEL K. A.**
Second Year
Representative



**SUDEV A. P.**
First Year
Representative



**ASIK N P.**
Asst. Professor, Dept. of Commerce
(Union Advisor)


TVS
INTRODUCING
TVS NTORQ 125
INDIA'S FIRST Bluetooth® CONNECTED SCOOTER
TVS Racing INSPIRED PERFORMANCE
3-VALVE CVTi-REVV ENGINE 9.4 PS
CALLER ID
NAVIGATION ASSIST
30 FIRST EVER FEATURES*
TVS NTORQ APP
GET IT ON Google Play
TVS NTORQ 125
MODERN TVS
SALES, PARTS & SERVICE
VANNERY
For Booking
8156842144, 7558030055




M.T.M COLLEGE
of Arts, Science & Commerce
Fees : ₹50
(GENERAL QUIZ)
TOTAL PRICE 6000
(TRESSURE HUNT)
TOTAL PRICE 8000
(ADVENTURE GAMES)
INTERSCHOOL MEET
GLORIO
2K17
ASHIQ M.K : 9645457243 FAYIZ : 8943680781 HARSHAD:7025848130
STAFF CO-ORDINATORS: VINEETH T.P : 9946331897 ASIK: 9562224116 HARIS: 8129265551
2k17
january
25
wednesday














KHILAFAT
Seniors


M.T.M COLLEGE
OF ARTS, SCIENCE & COMMERCE
granma
COLLEGE UNION
BEATRIX 2K18
ARTS FEST
ON 23rd JANUARY 201


MTM COLLEGE
VELIYANCODE, PAZHANJI
ഗ്രാന്മ കോളേജ് യൂണിയൻ സംഘടിപ്പിക്കുന്ന
Zest 2K17
(ANUAL SPORTS MEET)
ഏവർക്കും സ്വാഗതം
BOLT


























Granma college union
presents
MIRANDUM
COLLEGE DAY
Inauguration:
Madhav Ramdasan
(Famous Film Director)
വേനൽ ചൂടിൽ
ഉടൽ കായുമ്പോൾ
college magazine 2018

# Congratulations

## Best Students of MTM College



**VISHNU T V**
(2014-17 Batch)



**DILSHA K**
(2015-18 Batch)




**SHAREEFA K**
(2015-18 Batch)

## Toppers of MTM College



# FACULTY MEMBERS OF MTM COLLEGE




MTM COLLEGE
GRANMA
presents College Union
ABHRAM
Film Festival
NEWTON
WELCOME
All FILM LOVERS
VENUE : MTM COLLEGE
DATE : 23.3.2018
TIME : 2PM












ഗ്രാന്മ കോളേജ് യൂണിയൻ സംഘടിപ്പിക്കുന്ന
പ്ലാസ്റ്റിക് നിർമാർജന യജ്ഞം 22.3.2018 വ്യാഴം
പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം.
പരിസ്ഥിതി പ്രശ്നങ്ങളും ആഘാതവും.
രക്ത നിർണ്ണയ ക്യാമ്പ്
ദയ ഹോസ്പിറ്റൽ
ഗ്രാന്മ കോളേജ് യൂണിയൻ.




UN WATER
22 MARCH
WORLD
WATER
DAY




























MTM UC


Victory Day


s bakery











M.T.M COLLEGE
OF ARTS, SCIENCE & COMMERCE
Candy


M.T.M COLLEGE




ഈ യാത്ര അതിന്റെ പരിസമാപ്തിയിലെത്തിയിരിക്കുന്നു.
കൊടും ചൂടിലും ഉടൽ ഉരുകാതെ കവചം തീർക്കാൻ
പുതിയ അനുഭവങ്ങളും കാഴ്ചകളും അറിവുകളും നേടികൊണ്ടുതന്നെ.....
ഈ മാഗസിൻ കോളേജിൽ പഠിച്ചിറങ്ങിയവരുടേയും
പഠിക്കുന്നവരുടേയും സ്വപ്നസാക്ഷാത്ക്കാരമാവട്ടെ.
സമൂഹത്തിലെ അനീതികളും അക്രമങ്ങളും അവകാശങ്ങളും
നിങ്ങൾ ഇതിലൂടെ ഉന്നയിച്ചു.
മാഗസിന് ഒരുപാട് പേരുടെ കഷ്ടപ്പാടുണ്ട്.
അതിൽ കൂടുതൽ പ്രചോദനം നൽകിയ പ്രിയ വിനീത് സാറിനും
ഒപ്പം നടന്ന് എല്ലാത്തിനും കൂടെയുണ്ടായിരുന്ന
പ്രിയ സഖാക്കൾക്കും പ്രോത്സാഹനം
നൽകിയ ഫിർദൗസിനും മറ്റു യൂണിയൻ
ഭാരവാഹികൾക്കും പ്രിയ അധ്യാപകർക്കും
കൂടാതെ സർഗ്ഗസൃഷ്ടികൾ സമ്മാനിച്ച
സഹയാത്രികരായ പ്രിയ വിദ്യാർത്ഥി
സുഹൃത്തുക്കൾക്കും, സ്നേഹം കൊണ്ട് ഈ യാത്രയ്ക്ക്
സർവ്വ മംഗളങ്ങളും നേർന്ന സുമനസ്സുകൾക്കും
നന്ദി.....

സ്നേഹപൂർവ്വം

നിങ്ങളുടെ എഡിറ്റർ
ഇർഷാദ് കെ.



# MAGAZINE COMMITTEE



**Prof.N. ABDUL HAMEED**
(Principal, Chief Editor)



**VINEETH T.P**
(Staff Editor)



**IRSHAD K.**
(Student Editor)

## Magazine Co-ordinators



# SAP

## JOIN & ENSURE YOUR POSITION IN MNC

**SAP MODULES WE PROVIDE**

| | |
|---|---|
| **FICO** Finance & Controlling | **MM** Logisitic Management |
| **HR** Human Resourse Management | **SD** Sales & Marketing |

Global Certification & Placement Assistance

Tally POWER OF SIMPLICITY

Peachtree by Sage

**OTHER COURSES**

| | |
|---|---|
| **CFA** Computerised Fin. Accounting | **IFRS** Certificates from ACCA |
| **GST** Diploma in GST | **VAT** Diploma in Gulf VAT |

IBS

INNOVATIVE BUSINESS SOLUTIONS

## SCHOOL OF COMMERCE

ISO 9001:2015 CERTIFIED INSTITUTE

www.ibsedu.in

**EDAPPAL - THRISSUR**

**CALL : 9895 80 24 79**
**9746 14 56 48**

